# ഇസ്ലാമിക വിശ്വാസം

*The Cooperative Offices for Call & Guidance at Al-Badiah & Industrial Area*
*Under the Supervision of the Ministry of Islamic Affairs Endowment Guidance & Propagation*
**P.O. Box: 24932 Riyadh 11456 - K.S.A. (Al-Badiah) Tel.: 4330888 (Four Lines)**
**(Industrial Area) Tel.: 4303572 - Fax: 4301122**

# العقيدة الإسلامية

أعده وترجمه للغة المليالم

**شعبة توعية الجاليات في الزلفي**

**الطبعة الأولى ١٤١٧/٣هـ.**


ⓒ شعبة توعية الجاليات بالزلفي ، ١٤١٧هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

الزلفي ، شعبة توعية الجاليات

العقيدة الإسلامية - الزلفي.

٤٤ ص ؛ ١٢ × ١٧ سم

ردمك : ٣ - ١٩ - ٨١٣ - ٩٩٦٠

(النص باللغة المالیالام)

١- العقيدة الإسلامية ٢- التوحيد

أ- العنوان

ديوي ٢٤٠ ١٧/٠٩٥٠

رقم الايداع ١٧/٠٩٥٠

ردمك : ٣ - ١٩ - ٨١٣ - ٩٩٦٠

الصف والإخراج: **شعبة توعية الجاليات في الزلفي**

# العقيدة الإسلامية
## اللغة المالیالام

## ഉള്ളടക്കം


| നമ്പർ | വിഷയം | പേജ് |
|---|---|---|
| 1 - | ഇസ്‌ലാമിക വിശ്വാസം | 5 |
| 2 - | ഖബ്‌ർ പൂജ | 24 |
| 3 - | അല്ലാഹു എവിടെയാകുന്നു? | 26 |
| 4 - | നബിദിനാഘോഷം | 27 |
| 5 - | ന്യായവിധിനാൾ | 30 |


## يشتمل هذا الكتاب على


١ . أنواع التوحيد مع شرح كل منها

٢ . معنى الشهادتين وشروط لا إله إلا الله

٣ . شرح واف لأركان الإيمان

٤ . شرح نواقض الإسلام العشرة

٥ . فصل خاص عن أحكام اليوم الآخر

# أصول العقيدة
# ഇസ്‌ലാമിക വിശ്വാസം

## തൗഹീദ്- ഏകദൈവവിശ്വാസം

അല്ലാഹുവിനുമാത്രം നിർബന്ധവും, പ്രത്യേകവുമായിട്ടുള്ള ആരാധനാകർമ്മങ്ങളിൽ അവനെ ഏകനാക്കുക എന്നതാണ് തൗഹീദ്. അല്ലാഹുപറയുന്നു: **എന്നെമാത്രം ആരാധിക്കാൻ വേണ്ടിയല്ലാതെ, ജിന്നിനെയും മനുഷ്യനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല.**(അദ്ദാരിയാത്-56) **നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക.** (അന്നിസാഅ്-36)

രണ്ടു നിബന്ധനകൾകൊണ്ടു മാത്രമേ വിശ്വാസം പൂർത്തിയാകുകയുള്ളൂ.

1-പിൻതുടർച്ച:അല്ലാഹുവിൻെറ ഗ്രന്ഥവും, പ്രവാചകൻെറ ചര്യയും മുസ്‌ലിമിൻെറ വിശ്വാസത്തിൻെറ സ്രോതസ്സ് ആയിരിക്കുക എന്നതാണിതിൻെറ വിവക്ഷ. പിതാക്കളെയോ, പ്രപിതാക്കളെയോ, പണ്ഢിതരെയോ അന്ധമായി അനുകരിക്കുന്നതു കൊണ്ട് വിശ്വാസം ശരിയായിക്കൊള്ളണമെന്നില്ല.

2-ആത്മാർത്ഥത: എല്ലാ വാക്കും,പ്രവൃത്തികളും അല്ലാഹുവിനു മാത്രം ആത്മാർത്ഥമാക്കുക. നാട്യവും, കാപട്യവും ഉപേക്ഷിക്കുക. ഒരു മുസ്‌ലിം തൻെറ സ്രഷ്ടാവായ നാഥൻെറ സാമീപ്യം ആഗ്രഹിച്ചു കൊണ്ട് ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും ഈ രണ്ടു നിബന്ധനകൾ (പിൻതുടർച്ചയും, നിഷ്കളങ്കതയും) ബാധകമാണ്.

## തൗഹീദ് മൂന്നു ഇനങ്ങളുണ്ട്.

രക്ഷാകർതൃത്വത്തിലുള്ള ഏകത്വം, ദിവ്യത്വത്തിലുള്ള ഏകത്വം, നാമവിശേഷണങ്ങളിലുള്ള ഏകത്വം.

### 1-രക്ഷാ കർതൃത്വത്തിലുള്ള ഏകത്വം

സൃഷ്ടിപ്പ്, നിയന്ത്രണം, ആധിപത്യം ഇവയിൽ അല്ലാഹുവിനെ ഏകനാക്കലാണ് ഇത്. അല്ലാഹുവാണ് എല്ലാറ്റിൻെറയും സ്രഷ്ടാവ്. അവനൊഴികെ ഒരു സ്രഷ്ടാവുമില്ല. അല്ലാഹു പറയുന്നു:

**ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകാൻ അല്ലാഹു അല്ലാത്ത വല്ല സ്രഷ്ടാവുമുണ്ടോ? അവനല്ലാതെ യാതൊരു ദൈവവുമില്ല.**(ഫാത്വിർ-3). അവൻെറ പ്രവർത്തനങ്ങളും, അവൻെറ സൃഷ്ടികളുടെ പ്രവർത്തനങ്ങളും അവൻെറ സൃഷ്ടിയിൽ ഉൾപ്പെടുന്നു. അല്ലാഹു പറയുന്നു: **അല്ലാഹുവാണല്ലോ, നിങ്ങളെയും നിങ്ങൾ നിർമ്മിക്കുന്നവയെയും സൃഷ്ടിച്ചത്** (സ്വാഫ്ഫാത്-96).

ആധിപത്യത്തിൽ അവനെ ഏകനാക്കലും ഇപ്രകാരം തന്നെ. അവനാണ് എല്ലാറ്റിൻെറയും ഉടമസ്ഥൻ. അല്ലാഹു പറയുന്നു: **ആധിപത്യം ഏതൊരുവൻെറ കയ്യിലാണോ, അവൻ അനുഗ്രഹ പൂർണ്ണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു**(മുൽക്-1). ലോകത്തുള്ള മുഴുവൻ വസ്തുക്കളെയും ചൂഴ്ന്നു നിൽക്കുന്നതാണ് അവൻെറ ആധിപത്യം. അവൻെറ ഉദ്ദേശ്യമനുസരിച്ച് അവൻ പ്രവർത്തിക്കും. നിയന്ത്രണാധികാരത്തിലുള്ള ഏകത്വം എന്നാൽ, എല്ലാ സൃഷ്ടികളെയും നിയന്ത്രിക്കുന്നവൻ അവൻ മാത്രമാണെന്നതാണ്. അല്ലാഹു പറയുന്നു: **അറിയുക, സൃഷ്ടിപ്പും ശാസനാധികാരവും അവന്നു തന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണ്ണനായിരിക്കുന്നു**(അഅ്റാഫ്-54). എല്ലാ സൃഷ്ടികളെയും ഉൾക്കൊള്ളുന്ന ശാസനാധികാരമാണത്.

## 2-ദിവ്യത്വത്തിലുള്ള ഏകത്വം

ആരാധനയിൽ അല്ലാഹുവെ ഏകപ്പെടുത്തലാണ് ഇത്. മനുഷ്യൻ അല്ലാഹുവിൻെറ കൂടെ ആരാധനയിലോ, സാമീപ്യം തേടുന്നതിലോ യാതൊന്നിനെയും സ്വീകരിക്കരുത്. തൗഹീദിൻെറ മറ്റു രണ്ടിനങ്ങളോടൊപ്പം വളരെ സുപ്രധാനമായും ഇതിനു വേണ്ടി യാണ് പ്രവാചകർ നിയോഗിക്കപ്പെട്ടതും, വേദഗ്രന്ഥങ്ങൾ അവതീർണ്ണമായതും. മാത്രവുമല്ല, മുഴുവൻ പ്രവാചകരും തങ്ങളുടെ ജനതയോട് പ്രബോധനം ചെയ്ത മുഖ്യവിഷയം ദിവ്യത്വത്തിലുള്ള ഏകത്വമായിരുന്നു. അതായത് മനുഷ്യൻ തൻെറ ആരാധനകളൊന്നും തന്നെ അല്ലാഹു അല്ലാത്തവർക്ക് ചെയ്യരുത്. ദൈവ സാമീപ്യം സിദ്ധിച്ച മലക്ക്, പ്രവാചകൻ, സദ്‌വൃത്തനായ വലിയ്യ് പോലെയുള്ളവർ, ആരുതന്നെ ആയിരുന്നാലും പാടില്ല.

കാരണം, ആരാധന അല്ലാഹുവിനു മാത്രമേ ചെയ്യാവൂ. ഈ തൗഹീദിൽ വല്ല കലർപ്പും ചെയ്യുന്നവൻ മുശ്രികും, കാഫിറുമാകും. രക്ഷാകർതൃത്വത്തിലും, നാമ വിശേഷണങ്ങളിലുമുള്ള തൗഹീദ് അവൻ അംഗീകരിച്ചിരുന്നാലും ശരി. ഉദാ:- ഒരാൾ രക്ഷാകർതൃത്വത്തിലും, നാമ വിശേഷണങ്ങളിലുമുള്ള ഏകത്വം അംഗീകരിക്കുന്നു. പക്ഷെ അയാൾ ഒരു ഖബ്റിൻെറ അടുത്തു പോയി ഖബ്റാളിയെ ആരാധിക്കുന്നു. അല്ലെങ്കിൽ അയാളോട് പ്രാർത്ഥിക്കുന്നു. അല്ലെങ്കിൽ അയാളുടെ സാമീപ്യം ഉദ്ദേശിച്ചു കൊണ്ട് ബലി നടത്താൻ നേർച്ചയാക്കുന്നു. ഇയാൾ മുശ്രികും, കാഫിറും, നിത്യ നരകാവകാശിയുമാണ്. അല്ലാഹു പറയുന്നു: **അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവൻെറ വാസ സ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല** (മാഇദ-72).

പരിശുദ്ധ ഖുർആൻ ഒരു പ്രാവശ്യം വായിച്ചു നോക്കുന്ന ഏതൊ രാൾക്കും മനസ്സിലാക്കാവുന്ന ഒരു സത്യമുണ്ട്. പ്രവാചകൻ (സ) യുദ്ധം പ്രഖ്യാപിച്ച മക്കാ മുശ്രികുകൾ സ്രഷ്ടാവും, രക്ഷകർത്താവും അല്ലാഹു മാത്രമാണെന്ന് അംഗികരിച്ചിരുന്നവരാണ്. അതിൽ അവർക്ക് യാതൊരു സംശയവും ഉണ്ടായിരുന്നില്ല. പക്ഷെ അവർ അല്ലാഹുവിൻെറ കൂടെ മറ്റുള്ളവരെയും ആരാധിച്ചു. അതു കൊണ്ടു തന്നെ അവർ മുശ്രികുകളുമായിത്തീർന്നു. അല്ലാഹു പറയുന്നു: **ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും, സൂര്യനെയും ചന്ദ്രനെയും കീഴ്പ്പെടുത്തുകയും ചെയ്തത് ആരാണെന്ന് നീ അവരോട് (ബഹുദൈവ വിശ്വാസികളോട്) ചോദിക്കുന്നപക്ഷം തീർച്ചയായും അവർ പറയും അല്ലാഹുവാണെന്ന്. അപ്പോൾ എങ്ങനെയാണ് അവർ സത്യത്തിൽ നിന്നും തെറ്റിക്കപ്പെടുന്നത്? അല്ലാഹുവാണ് തൻെറ ദാസന്മാരിൽ നിന്നും താനുദ്ദേശിക്കുന്നവർ ക്ക് ഉപജീവന മാർഗ്ഗം വിശാലമാക്കുന്നതും, താനുദ്ദേശിക്കുന്നവർക്ക് അത് ഇടുങ്ങിയതാക്കുന്നതും. തീർച്ചയായും അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനത്രെ. ആകാശത്തു നിന്ന്** വെള്ളം ചൊരിയുകയും, ഭൂമി നിർജീവമായി

**കിടന്നതിനു ശേഷം അതുമൂലം അതിനു ജീവൻ നൽകുകയും ചെയ്തതാരെന്ന് നീ അവരോട് ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും; അല്ലാഹുവാണെന്ന്. പറയുക,അല്ലാഹുവിന് സ്തുതി! പക്ഷെ അവരിൽ അധിക പേരും ചിന്തിച്ചു മനസ്സിലാക്കുന്നില്ല** (അൻകബൂത്,61-63). വിശുദ്ധ ഖുർആനിലെ 31:25, 39:38, 43:9,87 എന്നീ വചനങ്ങളും മേൽ പറയപ്പെട്ട അതേ ആശയത്തിലുള്ളതാണ്.

**3-നാമവിശേഷണങ്ങളിലുള്ളഏകത്വം**

അല്ലാഹു അവൻെറ ഗ്രന്ഥത്തിലും, നബി (സ) യും അല്ലാഹുവെ എന്തുപേർ വിളിച്ചുവോ, എന്തു വിശേഷിപ്പിച്ചുവോ അത് വ്യാഖ്യാനങ്ങളോ, നിരാകരണമോ, രൂപസങ്കൽപമോ, സദൃശ്യപ്പെടുത്തലോ കൂടാതെ അംഗീകരിച്ചു സ്ഥിരപ്പെടുത്തലാണ് നാമ വിശേഷണങ്ങളിലെ ഏകത്വം. അല്ലാഹുവിൻെറ നാമങ്ങൾ യാഥാർത്ഥ്യമാണെന്നും, അവ ആലങ്കാരികങ്ങളല്ല എന്ന് വിശ്വസിക്കലും നിർബന്ധമാണ്.

ഉദാ:- 1-അല്ലാഹുവിന്ന് അൽഹയ്യ്, അൽഖയ്യൂം (എന്നെന്നും ജിവിച്ചിരിക്കുന്നവൻ, എല്ലാം നിയന്ത്രിക്കുന്നവൻ) തുടങ്ങിയ പേരുകളുണ്ട്. അൽഹയ്യ് എന്നത് അല്ലാഹുവിൻെറ ഒരുപേരാണെന്ന് നാം വിശ്വസിക്കണം. മുമ്പ് ഇല്ലായ്മയോ, ഇനിയൊരു നാശത്തിനോ വിധേയമാകാത്ത വിധം എന്നെന്നുമുള്ള ജിവിതം എന്നതിൽ നിന്നും ഉൽഭൂതമാകുന്ന ഒരു പേരാണെന്ന് വിശ്വസിക്കൽ നിർബന്ധമാണ്. അസ്സമീഅ് (എല്ലാം കേൾക്കുന്നവൻ) എന്നൊരു പേരും അല്ലാഹുവിനുണ്ട്. അതും അല്ലാഹുവിൻെറ പേരാണെന്ന് നാം വിശ്വസിക്കണം, കേൾവി എന്നുള്ളത് അല്ലാഹുവിൻെറ വിശേഷണമാണെന്നും വിശ്വസിക്കണം. കാരണം, അവൻ കേൾക്കുന്നുണ്ട്.

2-അല്ലാഹുപറയുന്നു: **അല്ലാഹുവിൻെറ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുകയാണ് എന്ന് യഹൂദന്മാർ പറഞ്ഞു- അവരുടെ കൈകൾ ബന്ധിതമാകട്ടെ- അവർ ആ പറഞ്ഞ വാക്കു കാരണം അവർ ശപിക്കപ്പെട്ടിരിക്കുന്നു. അല്ല, അവൻെറ ഇരു കൈകളും നിവർത്തപ്പെട്ടവയാകുന്നു. അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ, അങ്ങനെ ചെലവഴി**

ക്കുന്നു (മാഇദ-64). വളരെ വിശാലമായി കൊടുക്കുന്ന, നിവർത്ത പ്പെട്ടവ എന്ന വിശേഷണത്തോടു കൂടിയ രണ്ടു കൈകൾ അല്ലാഹുവിനുണ്ടെന്ന് അവൻ തന്നെ സ്ഥിരപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ അനുഗ്രഹങ്ങളാലും, ദാനങ്ങളാലും നിവർത്തപ്പെട്ട രണ്ടു കൈകൾ അല്ലാഹുവിനുണ്ടെന്ന് നാം വിശ്വസിക്കൽ നിർബന്ധമത്രെ. പക്ഷെ നമ്മുടെ മനസ്സിൻെറ ഭാവനയിലോ, വാക്കുകൾ കൊണ്ടോ ആ കൈകൾക്ക് സൃഷ്ടികളുടെ കൈകളുമായി സദൃശ്യമാക്കലോ, രൂപസാദൃശ്യം സങ്കൽപിക്കുവാനോ പാടില്ല. കാരണം അല്ലാഹു തന്നെ പറയുന്നു: **അവനുതുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു** (അശ്ശൂറാ-11)

തൗഹീദിൻെറ ഈ വിഭാഗത്തിൻെറ രത്നച്ചുരുക്കം; അല്ലാഹുവോ അവൻെറ പ്രവാചകനോ സ്ഥിരപ്പെടുത്തിയത് നാം യഥാർത്ഥമായി സ്ഥിരപ്പെടുത്തുക. അതിൽ വ്യാഖ്യാനങ്ങളോ, നിരാകരണമോ, രൂപസങ്കൽപമോ, സദൃശ്യപ്പെടുത്തലോ പാടില്ല.

## ലാഇലാഹ ഇല്ലല്ലാഹ്; ആശയം

ലാഇലാഹ ഇല്ലല്ലാഹ് ആണ് മതത്തിൻെറ അടിത്തറ. ഇസ്ലാം മതത്തിൽ അതിന് മഹത്തായ സ്ഥാനമാണുള്ളത്. ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങളിൽ ഒന്നാമത്തെ സ്തംഭവും, വിശ്വാസത്തി (ഈമാനി) ൻെറ പരമോന്നത ശ്രേണിയുമാണത്. മനുഷ്യരുടെ എല്ലാ പ്രവർത്തനങ്ങളുടെയും സ്വീകാര്യത ഈവാക്കു പറയുന്നതിലും, തതനുസാരമുള്ള പ്രവർത്തനങ്ങളിലുമാണ് നിലനിൽക്കുന്നത്. യാതൊരു ആശയ വ്യതിയാനവും കൂടാതെ മനസ്സിലാക്കിയിരിക്കേണ്ട അതിൻെറ ശരിയായ അർത്ഥം;"**ആരാധിക്കപ്പെടാനുള്ള യഥാർത്ഥ അർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല**" എന്നതാകുന്നു.

സ്രഷ്ടാവായി അല്ലാഹു അല്ലാതെ മറ്റാരുമില്ല, പുതിയ വസ്തുക്കൾ ഉണ്ടാക്കാൻ കഴിയുന്നവൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല, ആസ്തിക്യമുള്ളവൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല എന്നിവയൊന്നും ഇതിൻെറ പൂർണ്ണ അർത്ഥങ്ങളല്ല.

## ഈവാക്യത്തിന് രണ്ടുമുഖ്യഘടകങ്ങളുണ്ട്

1-നിഷേധം: لا إله എന്ന നമ്മുടെ വാക്കിലുള്ള "യാതൊരു ആരാധ്യനുമില്ല" എന്ന നിഷേധമാണത്. എല്ലാ വസ്തുക്കളുടെയും

ആരാധ്യതയെ നിഷേധിക്കുന്നു എന്നർത്ഥം.

2-സ്ഥിരീകരണം:"അല്ലാഹു ഒഴികെ"-إلا الله- എന്ന വാക്കിലൂടെയാണത്. ആരാധ്യത അല്ലാഹുവിന് മാത്രം, അവന്ന് യാതൊരു പങ്കുകാരുമില്ലെന്ന് സ്ഥിരീകരിക്കലാണത്.

അല്ലാഹുവിനെയല്ലാതെ ആരാധിക്കുവാൻ പാടില്ല. ആരാധനയുടെ ഏതൊരു രൂപവും അല്ലാഹുവല്ലാത്തവർക്ക് അർപ്പിക്കുവാൻ പാടില്ല. എല്ലാ പങ്കാളികളെയും നിഷേധിച്ചുകൊണ്ട്, അല്ലാഹുവിൻെറ ഏകത്വത്തെ സ്ഥാപിച്ചു കൊണ്ടുള്ള ആശയം മനസ്സിലാക്കി ഒരാൾ ഈവാക്ക് ഉച്ചരിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്താൽ അയാൾ ഒരു യഥാർത്ഥ മുസ്ലിമായി. വിശ്വാസമില്ലാതെ പ്രവർത്തനങ്ങൾ മാത്രം ചെയ്താൽ അവൻ കപട വിശ്വാസിയായിത്തീരും. അതിനു വിപരീതമായി ബഹുദൈവ വിശ്വാസങ്ങൾ വച്ചു പുലർത്തുന്നവൻ-നാവു കൊണ്ട് ഈ വാക്യം ഉച്ചരിച്ചാലും ശരി- ബഹുദൈവ വിശ്വാസിയും, ദൈവ നിഷേധിയും ആയിത്തീരും.

## ലാഇലാഹ ഇല്ലല്ലാഹ്; ശ്രേഷ്ഠത

ഈവാക്യത്തിന് മഹത്തായ ഫലങ്ങളും ഗുണങ്ങളുമുണ്ട്. അവയിൽ പെട്ടതാണ്

1-നരകത്തിൽ പ്രവേശിപ്പിക്കപ്പെട്ടവന് അതിലെ സ്ഥിരതാമസം തടയപ്പെടും. നബി(സ) പറഞ്ഞു: *ഹൃദയത്തിൽ ഒരുഗോതമ്പു മണിയോളം നന്മയുണ്ടായിരിക്കെ ഒരാൾ ലാഇലാഹഇല്ലല്ലാഹ് പറഞ്ഞിട്ടുണ്ടെങ്കിൽ അവൻ നരകത്തിൽ നിന്നും പുറത്താക്കപ്പെടും. മനസ്സിൽ ഒരുഅണുമണിയോളം നന്മയുള്ളവൻ ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞിട്ടുണ്ടെങ്കിൽ അവൻ നരകത്തിൽ നിന്നും പുറത്തു കടത്തപ്പെടും* (ബുഖാരി- മുസ്ലിം.)

2-മനുഷ്യ സൃഷ്ടിപ്പിൻെറ ലക്ഷ്യംതന്നെ ഈവാക്യത്തിൻെറ ആശയമാണ്. അല്ലാഹു പറയുന്നു: എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ജിന്നിനെയും മനുഷ്യനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല (ദാരിയാത്-56)

3-അതിന്നുവേണ്ടിയാണ് പ്രവാചകന്മാർ നിയോഗിതരായതും, വേദ ഗ്രന്ഥങ്ങൾ ഇറക്കപ്പെട്ടതും. അല്ലാഹു പറയുന്നു: ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നി

ങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്കു മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല (അമ്പിയാഅ്-25.)

4-മുഴുവൻ പ്രവാചകരുടെയും പ്രബോധനത്തിൻെറ സമാരംഭം അതായിരുന്നു. എല്ലാ പ്രവാചകരും അവരുടെ ജനങ്ങളോട് പറഞ്ഞത്; **എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ, അവനല്ലാതെ നിങ്ങൾക്ക് യാതൊരു ദൈവവുമില്ല** (അഅ്റാഫ്- 72) എന്നതായിരുന്നു.

5-ദൈവസ്മരണയുടെ വാക്കുകളിൽ ഏറ്റവും മഹത്തരമായ വാക്യവും അതുതന്നെ. നബി(സ) പറഞ്ഞു: ***ഞാനും, എനിക്കു മുമ്പുള്ള പ്രവാചകരും പറഞ്ഞതിൽ ഏറ്റവും ശ്രേഷ്ഠമായ വചനം "ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റൊന്നുമില്ല, അവന് യാതൊരു പങ്കാളിയുമില്ല" എന്നതാകുന്നു*** (മുവത്വഅ്-മാലിക്)

## ലാഇലാഹ ഇല്ലല്ലാഹ്, നിബന്ധനകൾ

ഈവാക്യം ഉച്ചരിക്കുന്നവൻ താഴെപറയുന്ന ഏഴുശർത്തുകൾ പാലിച്ചെങ്കിൽ മാത്രമേ അത് പൂർണ്ണാർത്ഥത്തിൽ ആകുകയുള്ളു.

1-**അറിവ്**: നിഷേധ-സ്ഥിരീകരണങ്ങളോടുകൂടി അതു മനസ്സിലാക്കി യിരിക്കണം. അതിൻെറ തുടർ പ്രവർത്തനങ്ങളും അറിഞ്ഞിരിക്കണം. ഒരാൾ അല്ലാഹു മാത്രമേ ആരാധനക്ക് അർഹനായുള്ളു എന്നും അവനല്ലാത്തവർക്കുള്ള ആരാധനകളെല്ലാം നിഷ്ഫലമാണെന്നും മനസ്സിലാക്കുന്നു. ആ അറിവനുസരിച്ച് അവൻ പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ അവൻ ഈ വാക്യത്തിൻെറ ആശയം മനസ്സിലാക്കിയവനായിത്തീരും. അല്ലാഹു പറയുന്നു: **ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക** (മുഹമ്മദ്-19.) നബി (സ) പറഞ്ഞു: ***ആരാധനക്കർഹനായി അല്ലാഹുവല്ലാതെ ആരുമില്ലെന്ന് മനസ്സിലാക്കിക്കൊണ്ട് ഒരാൾ മരിച്ചാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും.***

2-**ദൃഢത**: മാനസികമായ സംതൃപ്തിയോടും, നിശ്ചയദാർഢ്യത്തോടുംകൂടി അത് ഉച്ചരിക്കുക. ജിന്നുകളിലും മനുഷ്യരിലും ഉള്ള യാതൊരു പൈശാചിക ശക്തിക്കും ഒരു സംശയത്തിൻെറ കണികയിലൂടെയും കടന്നുവരാൻ പറ്റാത്ത രൂപത്തിൽ മനസ്സിലാ

ക്കി ഉറച്ചു വിശ്വസിക്കണം. അല്ലാഹു പറയുന്നു: **അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുകയും, പിന്നീട് സംശയിക്കാതിരിക്കുകയും ചെയ്തവരാരോ, അവർ മാത്രമാകുന്നു സത്യവിശ്വാസികൾ** (ഹുജറാത്-15.) ആരാധനക്കു അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും, ഞാൻ (മുഹമ്മദ്നബി) അല്ലാഹുവിൻെറ ദൂതനാണെന്നും സംശയ ലേശമന്യെ സാക്ഷ്യം വഹിച്ചുകൊണ്ട്, ഒരുദാസൻ അല്ലാഹുവിനെ കണ്ടുമുട്ടിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കാതിരിക്കില്ലെന്ന് നബി(സ) പറഞ്ഞിരിക്കുന്നു.

3-**സ്വീകാര്യത:** ഈ വാക്യംകൊണ്ട് ഉദ്ദേശിക്കപ്പെട്ട എല്ലാ കാര്യങ്ങളും മനസ്സാവാചാ സ്വീകരിച്ചിരിക്കണം. എല്ലാദൈവിക വചനങ്ങളും മുഹമ്മദു നബി (സ) കൊണ്ടുവന്ന എല്ലാ കാര്യങ്ങളും ഒന്നൊഴിയാതെ സത്യമായംഗീകരിച്ചിരിക്കണം. അല്ലാഹു പറയുന്നു: **തൻെറ രക്ഷിതാവിങ്കൽ നിന്നും തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും, അവരെല്ലാം അല്ലാഹുവിലും, അവൻെറ മലക്കുകളിലും, അവൻെറ വേദഗ്രന്ഥങ്ങളിലും, അവൻെറ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവൻെറ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല (എന്നതാണ് അവരുടെ നിലപാട്) അവർ പറയുകയും ചെയ്തു, ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളോട് പൊറുക്കേണമേ, നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം** (അൽബഖറ-285.)

ഇസ്‌ലാമിലെ മതനിയമങ്ങളിൽ ഏതെങ്കിലും ഒന്നിനെ നിഷേധിച്ചാൽ അത് ഈ വാക്യത്തെ തിരസ്കരിക്കലാകും. ഇസ്‌ലാമിലെ അനന്തരാവകാശ നിയമങ്ങൾ, ബഹുഭാര്യത്വ നിയമം, വ്യഭിചാരം, കളവ് ഇവക്കുള്ള ശിക്ഷാനിയമങ്ങൾ എന്നിവയിൽ ഏതെങ്കിലും ഒന്ന് നിഷേധിക്കുന്നതു പോലെത്തന്നെ. അല്ലാഹു പറയുന്നു: **അല്ലാഹുവും അവൻെറ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരുപുരുഷനാകട്ടെ സ്ത്രീയാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്

ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല (അൽ അഹ്സാബ്-36.)

4-<u>**കീഴ്പെടൽ**</u>: ഈ വാക്യം സൂചിപ്പിക്കുന്ന എല്ലാ കാര്യങ്ങൾക്കും കീഴ്പെട്ടിരിക്കണം. സ്വീകാര്യത വാക്കുകളിലൂടെ ആണെങ്കിൽ, കീഴ്പെടൽ പ്രവർത്തനത്തിലൂടെ ആയിരിക്കും. ഈ വാക്യത്തിൻെറ ആശയം പൂർണ്ണമായി മനസ്സിലാക്കി, അതു സ്വീകരിച്ചയാൾ അതനുസരിച്ചു പ്രവർത്തിക്കുന്നില്ലെങ്കിൽ അതവന്ന് യാതൊരു ഫലവും ചെയ്യില്ല. അല്ലാഹു പറയുന്നു: **നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും, അവന്ന് കീഴ്പെടുകയും ചെയ്യുവിൻ** (സുമർ-54). **ഇല്ല, നിൻെറ രക്ഷിതാവിനെ തന്നെയാണെ സത്യം, അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരുവിഷമവും തോന്നാതിരിക്കുകയും, അതു പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല** (അന്നിസാഅ്-65.)

5-<u>**സത്യസന്ധത**</u>: ഈ വാക്യത്തിലുള്ള തൻെറ വിശ്വാസത്തിൽ സത്യവാനായിരിക്കണം. അല്ലാഹു പറയുന്നു: **സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക** (തൗബ:119) നബി(സ) പറഞ്ഞു: ***ആരെങ്കിലും തൻെറ മനസ്സിൽ സത്യസന്ധമായി "ലാഇലാഹ ഇല്ലല്ലാഹ്" പറഞ്ഞാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും*** (അഹ്മദ്). നാവുകൊണ്ട് ഉച്ചരിച്ച് മനസ്സുകൊണ്ട് തിരസ്കരിച്ചാൽ അതവനെ രക്ഷപ്പെടുത്തുകയില്ലെന്ന് മാത്രമല്ല, അവൻ കപടവിശ്വാസി (മുനാഫിഖു) കളുടെ ഗണത്തിൽ പെടുകയും ചെയ്യും. നബിയുടെ ചര്യയെ പൂർണ്ണമായോ, ഭാഗികമായോ കളവാക്കൽ ഈ വാക്യത്തിലുള്ള സത്യസന്ധതയുടെ വിപരീതം ആയിത്തീരും. കാരണം പ്രവാചകനെ അനുസരിക്കാൻ അല്ലാഹു നമ്മോട് കൽപിച്ചിരിക്കുന്നു. മാത്രമല്ല അല്ലാഹുവിനെ അനുസരിക്കാനുള്ള കൽപനയോട് ചേർത്താണ് പറഞ്ഞിട്ടുള്ളതും. അല്ലാഹു

പറയുന്നു: **പറയുക, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക, പ്രവാചകനെയും അനുസരിക്കുക** (അന്നൂർ-54.)

6-നിഷ്കളങ്കത: ബഹുദൈവ വിശ്വാസത്തിൻെറ ചാഞ്ചല്യങ്ങൾ പോലുമേശാത്ത, സദ്‌വിചാരത്തോടെയുള്ള പ്രവർത്തന പരിശുദ്ധിയാണ് ഇതുകൊണ്ടുള്ള വിവക്ഷ. ഈ വാക്യം പറയുന്നവൻെറ എല്ലാ വാക്കും പ്രവർത്തിയും ദൈവ പ്രീതിക്കു വേണ്ടിയായിരിക്കണം. അതിൽ നാട്യത്തിനോ, പ്രശസ്തിക്കോ, ഭൗതികനേട്ടത്തിനോ, വ്യക്തി താൽപര്യങ്ങൾക്കോ, രഹസ്യമോ പരസ്യമോ ആയ വികാരങ്ങൾക്കോ, ഏതെങ്കിലും വ്യക്തിയോടോ, ആദർശത്തോടോ, ദൈവികമല്ലാത്ത തത്വസംഹിതയോടോ ഉള്ള അനുരാഗാത്മക ഭ്രമത്തിനോ സ്ഥാനമില്ല. ദൈവപ്രീതിയും പരലോക മോക്ഷവും മാത്രമേ ലക്ഷ്യമായിട്ടുള്ളൂ. സ്രഷ്ടാവിൻെറ തൃപ്തിയല്ലാതെ സൃഷ്ടികളിൽ നിന്നും ഒരു പ്രതിഫലമോ, നന്ദിവാക്കോ അതിൽ പ്രതീക്ഷിക്കുന്നില്ല. അല്ലാഹു പറയുന്നു: **അറിയുക, അല്ലാഹുവിന്ന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്‌വണക്കം** (സുമർ-4.) **കീഴ്‌വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട്, ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാൻ അല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല** (ബയ്യിന-5.) നബി(സ) പറഞ്ഞു: ***അല്ലാഹുവിൻെറ പ്രീതി മോഹിച്ചു കൊണ്ട് ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞവന് അല്ലാഹു നരകം നിഷിദ്ധമാക്കിയിരിക്കുന്നു***( ബുഖാരി-മുസ്‌ലിം).

7-സ്നേഹം: ഈ വാക്യത്തെയും, അതിൻെറ ആശയത്തെയും സ്നേഹിക്കണം. അല്ലാഹുവിനെയും അവൻെറ റസൂലിനെയും മറ്റെല്ലാറ്റിനും ഉപരിയായി ഇഷ്ടപ്പെടണം. ബഹുമാനാദരവും, ഭയ-പ്രതീക്ഷാദികളോടെയും അല്ലാഹുവിനെ ഇഷ്ടപ്പെടുകയും, അല്ലാഹു ഇഷ്ടപ്പെട്ട എല്ലാറ്റിനെയും സ്നേഹിക്കുകയും വേണം. മക്ക, മദീന, പള്ളികൾ, എന്നീസ്ഥലങ്ങൾ, റമളാൻമാസം, ദുൽഹിജ്ജ മാസത്തിലെ ആദ്യത്തെ പത്തു ദിവസങ്ങൾ എന്നീ കാലങ്ങൾ, ദൂതന്മാർ, പ്രവാചകന്മാർ, മലക്കുകൾ, സഹാബികൾ, രക്തസാക്ഷികൾ, സദ്‌വൃത്തർ എന്നിവർ, നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നീ പ്രവർത്തനങ്ങൾ, ഖുർആൻ പാരായണം, ദിക്റുകൾ എന്നീ വചനങ്ങൾ ഇവയൊക്കെയാണ് അല്ലാഹുവിന്ന് ഇഷ്ടപ്പെട്ടവ. തൻെറ ദേഹേഛകളെക്കാൾ, അല്ലാഹുവിന്ന്

ഇഷ്ടമുള്ള കാര്യങ്ങൾക്ക് മുൻഗണന നൽകപ്പെടണം. അല്ലാഹുവിന് വെറുപ്പുള്ള കാര്യങ്ങളോട് വെറുപ്പ് പ്രകടിപ്പിക്കണം. സത്യനിഷേധത്തോടും, നിഷേധികളോടും, അധർമ്മത്തോടും വെറുപ്പുള്ളവനായിത്തീരണം. അല്ലാഹു പറയുന്നു: സത്യവിശ്വാസികളേ, നിങ്ങൾ ആരെങ്കിലും തൻെറമതത്തിൽ നിന്നും പിന്തിരിഞ്ഞു കളയുന്നപക്ഷം അല്ലാഹു ഇഷ്ടപ്പെടുന്നവരും അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജനവിഭാഗത്തെ അല്ലാഹു പകരം കൊണ്ടുവരുന്നതാണ്. അവർ സത്യവിശ്വാസികളോട് വിനയം കാണിക്കുന്നവരും, സത്യനിഷേധികളോട് പ്രതാപം പ്രകടിപ്പിക്കുന്നവരുമായിരിക്കും. അവർ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരത്തിലേർപ്പെടും. ഒരാക്ഷേപകൻെറ ആക്ഷേപവും അവർ ഭയപ്പെടുകയില്ല. (മാഇദ-54).

## മുഹമ്മദുൻ റസൂലുല്ലാഹി; ആശയം

മുഹമ്മദുനബി (സ) അല്ലാഹുവിൻെറ ദാസനും, മുഴുവൻ ജനങ്ങൾക്കുമുള്ള പ്രവാചകനും ആണെന്ന് ആന്തരികവും ബാഹ്യവുമായി അംഗീകരിക്കലാണ് അതിൻെറ ഉദ്ദേശ്യം. ആ വിശ്വാസമനുസരിച്ചു പ്രവർത്തിക്കുകയും വേണം. മതത്തിൽ നിയമമല്ലാത്ത ദൈവികാരാധന ഉപേക്ഷിക്കുക, അദ്ദേഹം കൽപിച്ച കാര്യങ്ങൾ ജീവിതത്തിൽ പകർത്തലും, അദ്ദേഹത്തെ അനുസരിക്കലും, അദ്ദേഹം വിരോധിച്ച കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കലും ഈ ആശയത്തിൻെറ വിശദാംശങ്ങളിൽ പെടുന്നതാണ്. മുഹമ്മദുൻ റസൂലുല്ലാഹി (മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാകുന്നു) എന്ന സാക്ഷ്യവാക്യത്തിന് രണ്ടുമുഖ്യഘടകങ്ങൾ ഉണ്ട്. അദ്ദേഹം അല്ലാഹുവിൻെറ ദാസനും ദൂതനുമാണ് എന്നതാണ് ആ രണ്ടു ഘടകങ്ങൾ. നബി (സ)യെ അനർഹമായി പുകഴ്ത്തലും, വ്യക്തിപ്രശംസ നടത്തലും ഇതു തടയുന്നു. അദ്ദേഹം ഈ രണ്ടു ഘടകങ്ങൾ കൊണ്ടു തന്നെ സൃഷ്ടികളിൽ പരിപൂർണ്ണത നേടിയവനാകുന്നു. അദ്ദേഹം അല്ലാഹുവിൻെറ അടിമയും, ആരാധകനുമാണ് എന്നാണതിൻെറ ആശയം. അദ്ദേഹം മറ്റു മനുഷ്യർ സൃഷ്ടിക്കപ്പെട്ട ധാതുവിൽ നിന്നും സൃഷ്ടിക്കപ്പെട്ടവനും, മറ്റു മനുഷ്യർക്കു സംഭവിക്കുന്ന എല്ലാകാര്യങ്ങളും സംഭവിക്കാവുന്ന ഒരു മനുഷ്യനുമാണെന്നു സാരം. അല്ലാഹു പറയുന്നു: (നബിയേ) പറയുക, ഞാൻ നിങ്ങളെപ്പോലെയുള്ള ഒരുമനുഷ്യൻ മാത്രമാകുന്നു

(അൽകഹ്ഫ്-110.) **തൻെറ ദാസൻെറ മേൽ വേദ ഗ്രന്ഥമവതരിപ്പിക്കുകയും, അതിന്നു യാതൊരു വക്രതയും വരുത്താതെ ചൊവ്വായ നിലയിൽ ആക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി** (അൽ കഹ്ഫ്-1.)

മുന്നറിയിപ്പുകാരനും, സന്തോഷവാർത്ത അറിയിക്കുന്നവനുമായി, അല്ലാഹുവിൻെറ മാർഗ്ഗത്തിലേക്കുള്ള പ്രബോധകനുമായി, മുഴുവൻ ജനങ്ങളിലേക്കും നിയോഗിക്കപ്പെട്ടവൻ എന്നാണ് റസൂൽ എന്ന പദംകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. (അദ്ദേഹം അല്ലാഹുവിൻെറ ദാസനും, ദൂതനുമാണെന്നുള്ള) ഈ രണ്ടു വിശേഷണങ്ങൾ ഉൾക്കൊള്ളുന്ന സാക്ഷ്യവാക്യം അദ്ദേഹത്തിൻെറ യഥാർത്ഥ പദവിയെ അംഗീകരിക്കുന്നു. ഒരുദാസൻ എന്നനിലവിട്ട് ജനങ്ങൾ അദ്ദേഹത്തെ ആരാധ്യനായി സങ്കൽപിക്കുന്നതിൽ നിന്നും അത് തടയുന്നു. ഗുണം നൽകൽ, ദോഷത്തെ തടയൽ, കാര്യങ്ങൾ സാധിപ്പിക്കൽ പോലെയുള്ള, അല്ലാഹുവിനുമാത്രം കഴിയുന്ന, അവനോടു മാത്രം ചോദിക്കപ്പെടേണ്ടുന്ന കാര്യങ്ങൾ നബി (സ) യോട് ചോദിക്കാൻ പാടില്ലെന്നും ഈവാക്ക് അർത്ഥമാക്കുന്നു. മറ്റൊരു വിഭാഗം അദ്ദേഹത്തിൻെറ ദൗത്യംതന്നെ നിഷേധിക്കുകയും, അദ്ദേഹത്തെ പിൻപറ്റുന്നതിൽ വീഴ്ചവരുത്തുകയും ചെയ്തിരിക്കുന്നു. അതും ഈ ആശയത്തിന്നു വിപരീതമാണ്.

## ഇസ്ലാമികവിശ്വാസം-അടിസ്ഥാനങ്ങൾ

മനുഷ്യ പ്രവർത്തനങ്ങളുടെയും വാക്കുകളുടെയും സാധുതയും, സ്വീകാര്യതയും നിലകൊള്ളുന്നത് ശരിയായ വിശ്വാസത്തിന്മേലാണ്. വിശ്വാസം പിഴച്ചുപോയാൽ അതിലൂടെ ഉടലെടുക്കുന്ന എല്ലാ പ്രവർത്തനങ്ങളും നിഷ്ഫലമായിത്തീരുമെന്നാണ് ഖുർആനും,സുന്നത്തും പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു: **സത്യ വിശ്വാസത്തെ ആരെങ്കിലും തള്ളിക്കളയുന്ന പക്ഷം അവൻെറ കർമ്മം നിഷ്ഫലമായിക്കഴിഞ്ഞു. പരലോകത്തിൽ അവൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും** (സുമർ-65.)

ഇസ്ലാമിക വിശ്വാസ സംഹിത, അല്ലാഹുവിലും അവൻെറ മലക്കുകളിലും, വേദ ഗ്രന്ഥങ്ങളിലും, പ്രവാചകരിലും അന്ത്യദിനത്തിലും, വിധിയിലും ഉള്ളവിശ്വാസത്തിൽ നിന്നാണ് ഉദ്ഭൂതമാകുന്നത്. ഈ ആറുകാര്യങ്ങളാണ് ഇസ്ലാമിക വിശ്വാസത്തിൻെറ ആണി

ക്കല്ല്. അതു പഠിപ്പിക്കാനാണ് പരിശുദ്ധ ഖുർആൻ അവതീർണമായത്. അതിനുവേണ്ടി തന്നെയാണ് മുഹമ്മദ് നബി (സ) പ്രവാചകനായി നിയമിതനായതും.

1-അല്ലാഹുവിലുള്ള വിശ്വാസം: ആരാധനക്ക് അർഹതയുള്ളവൻ അല്ലാഹുമാത്രമേയുള്ളു എന്നതാണ് അല്ലാഹുവിലുള്ള വിശ്വാസത്തിൻെറ സത്ത. കാരണം അവനാണ് എല്ലാ സൃഷ്ടികളുടെയും സ്രഷ്ടാവും, അന്നദാതാവും. അവൻ തന്നെയാണ് അവരുടെ രഹസ്യ പരസ്യങ്ങൾ അറിയുന്നവനും, സച്ചരിതർക്ക് പ്രതിഫലവും, ധിക്കാരികൾക്ക് ശിക്ഷയും നൽകാൻ കഴിവുള്ളവനും. ഈ ആരാധനക്കു വേണ്ടിയാണ് അല്ലാഹു ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു: **ജിന്നുകളെയും മനുഷ്യരെയും എന്നെമാത്രം ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽനിന്നും ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്കു ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും, ശക്തനും പ്രബലനും** (അദ്ദാരിയാത്-56-58). ഇക്കാര്യം പ്രഖ്യാപിക്കുവാനാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതും, വേദഗ്രന്ഥങ്ങൾ ഇറക്കിയതുമെന്ന് അല്ലാഹു പറയുന്നു. **തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണമെന്ന് (പ്രബോധനം ചെയ്യുന്നതിനുവേണ്ടി)** (നഹ്ൽ-36).

ആരാധനാ കർമ്മങ്ങളായി ചെയ്യപ്പെടുന്ന എല്ലാകാര്യത്തിലും അല്ലാഹുവിനെ ഏകനാക്കുക എന്നതാണ് ഇതിൻെറ വിവക്ഷ. പ്രാർത്ഥന, നമസ്കാരം, നോമ്പ്, ശിക്ഷാ രക്ഷകളിലുള്ള ഭയവും പ്രത്യാശയും, മൃഗബലി, നേർച്ച തുടങ്ങിയ എല്ലാആരാധനകളും വിനയത്തോടും ഭവ്യതയോടും കൂടി, അല്ലാഹുവോടുള്ള സ്നേഹ-ബഹുമാനാദര പുരസ്സരം സമർപ്പിക്കുകയത്രെ അത്. ഖുർആനിൻെറ മുഖ്യപ്രദിപാദ്യ വിഷയം ഈ അടിസ്ഥാന തത്വമാണ്. അല്ലാഹു പറയുന്നു: **അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ ആരാധിക്കുക.**

**അല്ലാഹുവിനു മാത്രം അവകാശപ്പെടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം**(സുമർ-3.) **തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു** (ഇസ്റാഅ്-23). **അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനോട് നിങ്ങൾ പ്രാർത്ഥിക്കുക. അവിശ്വാസികൾക്ക് അനിഷ്ടമായാലും ശരി** (മുഅ്മിൻ-14).

ഇസ്ലാംകാര്യങ്ങൾ എന്നപേരിൽ അറിയപ്പെടുന്ന അഞ്ചു നിർബ ന്ധ കാര്യങ്ങളിലും, പരിശുദ്ധ ശരീഅത്ത് നിർബന്ധമാക്കിയിട്ടുള്ള മറ്റുകാര്യങ്ങളിലും വിശ്വാസം നിർബന്ധമാണ്. ഇതിലെ മുഖ്യസ്തംഭം "ലാഇലാഹ ഇല്ലല്ലാഹ്, മുഹമ്മദ് റസൂലുല്ലാഹി" എന്ന സാക്ഷ്യവാക്യമാണ്. താഴെ പറയുന്ന കാര്യങ്ങൾ അല്ലാഹുവിലുള്ള വിശ്വാസത്തിൽ പെട്ടതാണ്. അല്ലാഹു ലോകസ്രഷ്ടാവാണ്, അവൻ എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നവനാണ്, അവന്റെ കഴിവും ഇഛയുമനുസരിച്ചേ ലോകത്ത് എന്തുകാര്യവും നടക്കുകയുള്ളൂ. അവൻ ഇഹത്തിന്റെയും പരത്തിന്റെയും ഉടമസ്ഥനാണ്. അഖില പ്രപഞ്ചനാഥനാണ്. അവനല്ലാതെ ഒരുസ്രഷ്ടാവോ, രക്ഷിതാവോ ഇല്ല. ജനങ്ങൾക്ക് ഇഹപര സൗഖ്യത്തിന്റെ മാർഗ്ഗം കാണിച്ചു കൊടുക്കാനും, അതിലേക്കവരെ ക്ഷണിക്കുവാനും പ്രവാചകന്മാരെ നിയോഗിച്ചവനും, വേദഗ്രന്ഥങ്ങൾ ഇറക്കിയവ നും അവനാകുന്നു. അവൻ പരമ പരിശുദ്ധനത്രെ. ഇക്കാര്യത്തിലൊന്നും തന്നെ അവന് യാതൊരു പങ്കുകാരുമില്ല. അല്ലാഹു പറയുന്നു. **അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യ കർത്താവുമാകുന്നു** (സുമർ-62).

അല്ലാഹുവിന്ന് ഉന്നതങ്ങളായ വിശേഷണങ്ങളും, ഉത്തമങ്ങളായ പേരുകളും ഉണ്ട്. ഖുർആനിലും നബി (സ) യുടെ തിരുസുന്നത്തിലും സ്ഥിരപ്പെട്ടവയാണവ. ആ വിശേഷണങ്ങളും നാമങ്ങളും അങ്ങനെത്തന്നെ വിശേഷിപ്പിക്കലും അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ്. അതിൽ നിരാകരണമോ, രൂപസങ്കൽപമോ, സാദൃശ്യപ്പെടുത്തലോ, വ്യാഖ്യാനങ്ങളോ പാടില്ല. അവയെല്ലാം അല്ലാഹുവിന്റെ മഹത്തായ വിശേഷണങ്ങളാണെന്ന ആശയത്തോടെ വിശ്വസിക്കുക. അവന്റെ സൃഷ്ടികളിൽ പെട്ട യാ

തൊന്നിനോടും അവനെ സദൃശ്യപ്പെടുത്താത്ത വിധത്തിലേ അവനെ വിശേഷിപ്പിക്കാവൂ. അല്ലാഹു പറയുന്നു: **അവനെ പോലെ യാതൊരു വസ്തുവുമില്ല. അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു** (അശ്ശൂറാ-11).

2-മലക്കുകളിലുള്ള വിശ്വാസം: അല്ലാഹുവിന്ന് മലക്കുകൾ എന്നു പേരുള്ള ഒരു വിഭാഗം സൃഷ്ടികളുണ്ട്. അവർ അവന്റെ കൽപന അനുസരിക്കാൻ മാത്രമായി സൃഷ്ടിക്കപ്പെട്ടവരാണ്. അവരുടെ ജോലികളുടെ അടിസ്ഥാനത്തിൽ പല വിഭാഗക്കാരുണ്ട്. അല്ലാഹുവിന്റെ സിംഹാസനം ചുമക്കാൻ ഏൽപിക്കപ്പെട്ടവർ, സ്വർഗ്ഗ നരകങ്ങളുടെ കാവൽക്കാർ, മനുഷ്യരുടെ മുഴുവൻ പ്രവർത്തനങ്ങളും രേഖപ്പെടുത്തുന്നവർ. . . . . .
അല്ലാഹുവും പ്രവാചകനും പേരെടുത്തു പറഞ്ഞ ജിബ്രീൽ, മീകാഈൽ, നരകത്തിന്റെ കാവൽക്കാരൻ മാലിക്, അന്ത്യനാളിൽ കാഹളം (സൂർ) മുഴക്കാൻ ഏൽപ്പിക്കപ്പെട്ട ഇസ്റാഫീൽ എന്നിവരിലും പേരെടുത്തു പറയാത്തവരിലും മൊത്തത്തിൽ മുസ്ലിം വിശ്വസിക്കണം. ആയിശ: (റ) യിൽ നിന്നു നിവേദനം, നബി (സ) പറഞ്ഞു: ***മലക്കുകൾ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. ജിന്നുകൾ തീയിന്റെ പുകയില്ലാത്ത ജ്വാലയാൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. ആദം(അ) നിങ്ങളോട് പറയപ്പെട്ടിട്ടുള്ള വസ്തുവി (കലംപോലെ മുട്ടിയാൽ മുഴക്കമുണ്ടാകുന്ന ഉണങ്ങിയ കളിമണ്ണി) ൽ നിന്നും സൃഷ്ടിക്കപ്പെട്ടു*** (മുസ്ലിം)

3-വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം: അല്ലാഹു, അവന്റെ യഥാർത്ഥമാർഗ്ഗം വിശദീകരിക്കുവാനും, ജനങ്ങളെ അതിലേക്ക് ക്ഷണിക്കുവാനും പ്രവാചകന്മാർക്ക് വേദഗ്രന്ഥങ്ങൾ ഇറക്കിക്കൊടുത്തിട്ടുണ്ട് എന്ന് മൊത്തത്തിൽ വിശ്വസിക്കണം. അല്ലാഹു പേരെടുത്തു പറഞ്ഞ തൗറാത്ത്, ഇൻജീൽ, സബൂർ, ഖുർആൻ എന്നിവയിൽ പ്രത്യേകമായും വിശ്വസിക്കണം. ഖുർആൻ അവയിൽ അവസാനത്തേതും വളരെ ശ്രേഷ്ഠമായതുമാണ്. ഖുർആൻ മുൻ വേദഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്നു. ഖുർആനിനെയും, നബി (സ) യിൽ നിന്നും സ്ഥിരപ്പെട്ട ചര്യകളെയും പിന്തുടരലും, അതിന്റെ നിയമങ്ങളെ അനുസരിക്കലും എല്ലാ ജനസമൂഹത്തിനും നിർബന്ധമാണ്. കാരണം മുഹമ്മദു നബിയെ അല്ലാഹു മുഴുവൻ ജിന്നുകളിലേക്കും മനുഷ്യരിലേക്കുമാണ് നിയോഗിച്ചത്. അവർ

ക്കിടയിൽ വിധികൽപ്പിക്കാൻ വേണ്ടിയാണ് ഖുർആൻ അവതരിപ്പി ക്കപ്പെട്ടത്. മനസ്സിലുള്ളതിന് (രോഗങ്ങൾക്കും സംശയങ്ങൾക്കും) ശമനം നൽകുന്നതുമാണ്. എല്ലാ കാര്യങ്ങളുടെയും വിശദീകരണ വും, ലോകർക്കെല്ലാം സന്മാർഗ്ഗവും കാരുണ്യവുമാണ് ഖുർആൻ. അല്ലാഹു പറയുന്നു: **ഇതാകട്ടെ നാം അവതരിപ്പിച്ച നന്മ നിറഞ്ഞ ഗ്രന്ഥമത്രെ. അതിനെ നിങ്ങൾ പിൻപറ്റുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്യുക. നിങ്ങൾക്കു കാരു ണ്യം ലഭിച്ചേക്കാം** (അൻആം-155). **എല്ലാ കാര്യത്തിനും വിശ ദീകരണമായിക്കൊണ്ടും, മാർഗ്ഗദർശനവും, കാരുണ്യവും, കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷ വാർത്തയുമായി ക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചി രിക്കുന്നത്** (അന്നഹ്ൽ-87.)

4-**പ്രവാചകരിലുള്ള വിശ്വാസം**, സദ്പാന്ഥാവിലേക്ക് മനുഷ്യരെ ക്ഷണിക്കാനും, അവർക്കു സന്തോഷവാർത്ത അറിയിക്കുന്നവ രും, താക്കീതുകാരുമായി അല്ലാഹു ദൂതന്മാരെഅയച്ചു. അവരെ സ്വീകരിച്ചവർക്ക് വിജയവും സൗഭാഗ്യവും ലഭിക്കും. അവരെ തിര സ്കരിച്ചവർക്ക് സങ്കടവും പരാജയുമായിരിക്കും ലഭിക്കുക. അവ രിൽ ശ്രേഷ്ഠനും അവസാനത്തെയാളും നമ്മുടെ നബി മുഹമ്മ ദ്(സ) ആകുന്നു. അല്ലാഹു പറയുന്നു: **തീർച്ചയായും നാം ഓ രോ സമുദായത്തിലും ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അ ല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം** എന്ന് (പ്രബോധനം ചെയ്യുന്നതിനു വേണ്ടി) (അന്നഹ്ൽ-36). **മുഹമ്മദ് നിങ്ങളുടെ പുരുഷരിൽ ഒരാളു ടെയും പിതാവായിട്ടില്ല. പക്ഷെ അദ്ദേഹം അല്ലാഹുവി ൻെറ ദൂതനും, പ്രവാചകരിൽ അവസാനത്തെ ആളുമാകു ന്നു. അല്ലാഹു ഏതുകാര്യത്തെ പറ്റിയും അറിവുള്ളവനാ കുന്നു**(അഹ്സാബ്-40).

അല്ലാഹുവും പ്രവാചകനും പേരെടുത്തുപറഞ്ഞ നൂഹ്, ഇബ്റാ ഹീം, സ്വാലിഹ്_ എന്നിവരിലും, പേരെടുത്തു പറയാത്തവരിലും നാം വിശ്വസിക്കണം.

5-**പരലോകത്തിലുള്ള വിശ്വാസം**: മരണത്തിനു ശേഷം ഓരോരു ത്തർക്കും ശിക്ഷാ രക്ഷകൾ ലഭിക്കും. ഖബ്റിൽ വച്ചും ശിക്ഷാ

രക്ഷകൾ ലഭിക്കും. അന്ത്യദിനത്തിൽ വളരെ ഭീതിതമായ അവസ്ഥയുണ്ടാകും. അല്ലാഹുവിന്റെ മുമ്പിൽ ഹാജറാക്കപ്പെടുമ്പോൾ എല്ലാ പ്രവർത്തനങ്ങളുടെയും രേഖ അവന്റെ കയ്യിൽ നൽകപ്പെടും. വലതു കയ്യിൽ രേഖ ലഭിക്കുന്നവനുണ്ടാകും, പിൻഭാഗത്തുകൂടി ഇടതുകയ്യിൽ രേഖ ലഭിക്കുന്നവരും ഉണ്ടാകും. പ്രവർത്തനങ്ങൾ വിചാരണക്കു വിധേയമാകും. പ്രവർത്തനങ്ങൾ തൂക്കിക്കണക്കാക്കി ശിക്ഷാരക്ഷകൾ ലഭിക്കും. സ്വർഗ്ഗ നരകങ്ങൾക്കിടയിൽ സ്വിറാത് സ്ഥാപിക്കപ്പെടും. മുഹമ്മദു നബിക്കു പ്രത്യേകമായി ഒരുഹൗള് (തടാകം) ഉണ്ടാകും. സ്വർഗ്ഗവും നരകവും ഉണ്ടാകും. സത്യവിശ്വാസികൾ അവരുടെ രക്ഷിതാവായ അല്ലാഹുവിനെ കാണും. അവൻ അവരോട് സംസാരിക്കും. ഇങ്ങനെ ഇവ്വിഷയകമായി ഖുർആനിലും സുന്നത്തിലും പറയപ്പെട്ട എല്ലാ കാര്യങ്ങളും വിശ്വസിക്കലും സത്യപ്പെടുത്തലും നിർബന്ധമാണ്.

6-<u>വിധിയിലുള്ള വിശ്വാസം</u>: പ്രധാനമായും നാലുകാര്യങ്ങളാണ് ഈ വിശ്വാസത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

*A*-കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിന്ന് അറിയാം. അവന്റെ സൃഷ്ടികളുടെ ഉപജീവനവും, ആയുഷ്കാലവും, പ്രവർത്തനങ്ങളും, മറ്റെല്ലാ സ്ഥിതി വിശേഷങ്ങളും അവന്ന് അജ്ഞാതമല്ല. അല്ലാഹു പറയുന്നു: **തീർച്ചയായും അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു** (തൗബ-115).

*B*-അല്ലാഹുവിന്റെ വിധികൾ മുഴുവൻ അവൻ രേഖപ്പെടുത്തി വച്ചിരിക്കുന്നു. അല്ലാഹു പറയുന്നു: **എല്ലാകാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തി വച്ചിരിക്കുന്നു** (യാസീൻ-12).

*C*-അല്ലാഹു ഉദ്ദേശിച്ചതു മാത്രമേ സംഭവിക്കുകയുള്ളു. അവൻ ഉദ്ദേശിക്കാത്ത ഒന്നുംതന്നെ സംഭവിക്കുകയില്ല. അല്ലാഹുപറയുന്നു: **അങ്ങനെ അല്ലാഹു താനുദ്ദേശിക്കുന്നത് ചെയ്യുന്നു** (ആലു ഇംറാൻ-40.)

*D*-എല്ലാ ചരാചരങ്ങളെയും അല്ലാഹുവാണ് സൃഷ്ടിച്ചത്. മറ്റൊരു സ്രഷ്ടാവോ രക്ഷകർത്താവോ ഇല്ല തന്നെ. അല്ലാഹു പറയുന്നു: **എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണവൻ, അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. അവൻ സകല കാര്യങ്ങളുടെയും കൈകാര്യക്കാരനാകുന്നു** (അൻആം-102).

## മറ്റുകാര്യങ്ങൾ

അല്ലാഹുവിനെ അനുസരിക്കുന്നതുകൊണ്ട് വിശ്വാസം വർദ്ധിക്കുകയും, ധിക്കരിച്ചവൻെറ വിശ്വാസം കുറയുകയും ചെയ്യും. ബഹുദൈവ വിശ്വാസവും (ശിർക്ക്) ദൈവ നിഷേധവും ഒഴികെയുള്ള പാപങ്ങൾ ചെയ്ത ഏതൊരു മുസ്ലിമിനെയും അവിശ്വാസിയാ (കാഫിറാ)യി കണക്കാക്കാൻ പാടുള്ളതല്ല. ഉദാ:- വ്യഭിചാരം, മോഷണം, പലിശഭക്ഷിക്കൽ, ലഹരി വസ്തുക്കൾ ഉപയോഗിക്കൽ, മാതാപിതാക്കളെ ധിക്കരിക്കൽ തുടങ്ങിയവ. ഇവയെല്ലാം മതത്തിൽ അനുവദനീയമാണെന്ന് വിശ്വസിച്ചു കൊണ്ടാണ് ചെയ്യുന്നതെങ്കിൽ കാഫിറാകും. അല്ലാഹു പറയുന്നു: തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ് (അന്നിസാഅ്-48).

ഒരാളെ ദൈവപ്രീതിക്കു വേണ്ടി സ്നേഹിക്കലും അക്കാരണത്താൽ തന്നെ വെറുക്കലും വിശ്വാസത്തിൻെറ ഭാഗമാണ്. സത്യവിശ്വാസി എല്ലാ സത്യവിശ്വാസികളെയും സ്നേഹിക്കുകയും, മിത്രമാക്കുകയും, ദൈവനിഷേധികളെ വെറുക്കുകയും ചെയ്യണം.

## മതപരിത്യാഗം

പലകാരണങ്ങളാൽ ഒരുമുസ്ലിം തൻെറ മതത്തിൽനിന്നും പുറത്താകും. അവയിൽ വളരെ പ്രധാനപ്പെട്ടവ പത്തുകാര്യങ്ങളാണ്.

1-**അല്ലാഹുവിൽ പങ്കുചേർക്കൽ(ശിർക്ക്)**: അല്ലാഹു പറയുന്നു; അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവൻെറ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരുംതന്നെയില്ല (അൽ മാഇദ-72). മരിച്ചവരെ വിളിച്ചു പ്രാർത്ഥിക്കലും, അവരോട് സഹായംതേടലും, അവർക്കുള്ള നേർച്ചയും ബലികർമ്മങ്ങളും ഈ ഗണത്തിൽപെടും.

2-**അല്ലാഹുവിനും തനിക്കുമിടയിൽ മദ്ധ്യവർത്തികളെ സ്വീകരിക്കൽ.** അവരോട് ശുപാർശക്കു വേണ്ടി ചോദിക്കലും, അവരിൽ ഭരമേൽപിക്ക (തവക്കുൽചെയ്യ) ലും.

3-**ബഹുദൈവ വിശ്വാസികൾ കാഫിറാണെന്ന് വിശ്വസിക്കാതെ, അതിൽ സംശയം പ്രകടിപ്പിക്കുക, അല്ലെങ്കിൽ** അവരുടെ മത വിശ്വാസവും ശരിയാണെന്ന് വാദിക്കുക.

4-**മുഹമ്മദുനബിയുടെ മാർഗ്ഗദർശനത്തെക്കാൾ സമ്പൂർണ്ണമാണ് മറ്റു പലരുടെയും മാർഗ്ഗദർശനം എന്ന വിശ്വാസം.** മറ്റുള്ളവരുടെ മതശാസനകളാണ് നബി (സ) യുടെ വിധിയെക്കാൾ ഉത്തമമെന്ന വിശ്വാസം. അതായത് ഇസ്‌ലാമിക ശരീഅത്തിനെ (നിയമങ്ങളെ) ക്കാൾ ഉത്തമം മറ്റു ഭൗതിക നിയമങ്ങളാണെന്നും, അല്ലെങ്കിൽ ഇസ്‌ലാമിക നിയമങ്ങൾക്ക് കാലിക പ്രസക്തിയില്ലെന്നോ, മുസ്‌ലിംകളുടെ പിന്നോക്കാവസ്ഥക്കു കാരണം അതാണെന്നോ വിശ്വസിക്കൽ കുഫ്ർ (ദൈവനിഷേധം) ആകുന്നു. മതത്തെ ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു സ്വകാര്യ എടവാടാക്കി, പൊതുജീവിതത്തിൽ നിന്നും മാറ്റി നിറുത്തലും ഇതിൽപ്പെടും. മോഷ്ടാവിൻെറ കരഛേദവും, വിവാഹിതരായ വ്യഭിചാരികളെ എറിഞ്ഞു കൊല്ലലും പഴഞ്ചനും കാടത്തവുമാണെന്ന് വിശ്വസിക്കൽ, അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കലും, ദൈവ നിഷേധവുമാണ്.

5-**മുഹമ്മദുനബി കൊണ്ടുവന്ന ഏതെങ്കിലും ഒരുകാര്യത്തോട് വെറുപ്പും,വിദ്വേഷവും പ്രകടിപ്പിക്കലും, ഇസ്‌ലാമിക കാര്യങ്ങൾ വെറുപ്പോടെ പ്രവർത്തിക്കലും.** അല്ലാഹു പറയുന്നു, അതെന്തുകൊണ്ടെന്നാൽ അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്തു കളഞ്ഞു. അപ്പോൾ അവരുടെ കർമ്മങ്ങളെ അല്ലാഹു നിഷ്ഫലമാക്കിത്തീർത്തു (മുഹമ്മദ്-9).

6-**പ്രവാചകൻ(സ) പഠിപ്പിച്ച മതത്തിലെ അധ്യാപനങ്ങളെയോ, ശിക്ഷാ രക്ഷകളെയോ പരിഹസിക്കൽ.** അല്ലാഹു പറയുന്നു, പറയുക, അല്ലാഹുവെയും അവൻെറ ദൃഷ്ടാന്തങ്ങളെയും, അവൻെറ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിനു ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു (തൗബ-65-66).

7-**മാരണം;അതുചെയ്യലും** അതുകൊണ്ട് തൃപ്തിയടയലും. അല്ലാഹു പറയുന്നു, എന്നാൽ (ഹാറൂത്തും മാറൂത്തും) ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും, ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു, (ഇതുപയോഗിച്ച്) ദൈവ നിഷേധത്തിൽ ഏർപ്പെടരുത് എന്ന് അവർ പറഞ്ഞു കൊടുക്കാതിരുന്നില്ല (അൽബഖറ-102).

8-**മുസ്‌ലിംകൾക്കെതിരിൽ ബഹുദൈവാരാധകരെ സഹായിക്കൽ.**

**അല്ലാഹു പറയുന്നു: നിങ്ങളിൽ നിന്ന് ആരെങ്കിലും അവരെ മിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർ വഴിയിലാക്കുകയില്ല, തീർച്ച** (മാഇദ-51).

9-**മനുഷ്യരിൽ ചിലർക്ക് ഇസ്ലാമിക നിയമനങ്ങളിൽ നിന്നും പുറത്തുപോകാൻ അവകാശമുണ്ടെന്ന വിശ്വാസം.** അല്ലാഹു പറയുന്നു: **ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്നപക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും** (ആലുഇംറാൻ-85).

10-**അല്ലാഹുവിൻെറ മതം പഠിക്കുന്നതിൽനിന്നും, അതനുസരിച്ചു പ്രവർത്തിക്കുന്നതിൽ നിന്നും പിന്തിരിഞ്ഞുകളയൽ.** അല്ലാഹു പറയുന്നു: **തൻെറ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങളെപ്പറ്റി ഉൽബോധനം നൽകപ്പെട്ടിട്ട് അവയിൽനിന്ന് തിരിഞ്ഞു കളഞ്ഞവനെക്കാൾ അക്രമിയായി ആരുണ്ട്? തീർച്ചയായും അത്തരം കുറ്റവാളികളുടെ പേരിൽ നാം ശിക്ഷാനടപടി എടുക്കുന്നതാണ്** (സജദ-22).

മേൽപറഞ്ഞവയിൽ തമാശയെന്നോ, കാര്യമെന്നോ വ്യത്യാസമില്ല. നിർബന്ധിതാവസ്ഥയിൽ ഇക്കാര്യങ്ങൾക്ക് വശംവദനായാൽ ഒഴികെ

## عبادة القبور
# ഖബ്ർപൂജ

മുസ്ലിംകൾക്കിടയിൽ പ്രചരിച്ചിട്ടുള്ള ശിർക്കാണ് ഖബ്ർ ആരാധന. തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരുമെന്നും, ബുദ്ധിമുട്ടിൽനിന്നും രക്ഷപ്പെടുത്തുമെന്നുമുള്ള വിശ്വാസത്തോടെ, മരിച്ചുപോയ ഔലിയാക്കളോട് അവർ സഹായം തേടുന്നു. അല്ലാഹു പറയുന്നു: **തന്നെയല്ലാതെ ആരാധിക്കരുതെന്ന് നിൻെറ രക്ഷിതാവ് വിധിച്ചിരിക്കുന്നു** (ഇസ്റാഅ്-23). ക്ലേശങ്ങളിൽ നിന്നും രക്ഷനേടാനും, അല്ലാഹുവിൻെറയടുക്കൽ ശുപാർശ പറയാനും വേണ്ടി മരിച്ചുപോയ സ്വാലിഹുകളെയും, അമ്പിയാക്കളെയും വിളിച്ചു പ്രാർത്ഥിക്കൽ ശിർക്കാണ്. അല്ലാഹു പറയുന്നു: **അ**

**ഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്ന് ഉത്തരം നൽകുകയും, വിഷമം നീക്കിക്കൊടുക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ?** (നംല്-62)

ചിലർ ഇരിക്കുമ്പോൾ, എഴുന്നേൽക്കുമ്പോൾ, കാൽവഴുതുമ്പോൾ, വല്ല ആവശ്യമോ ബുദ്ധിമുട്ടോ നേരിടുമ്പോളെല്ലാം പല ശൈഖന്മാരെയും വിളിക്കൽ പതിവാക്കിയിരിക്കുന്നു. യാമുഹമ്മദ്, യാഅലീ, യാഹുസയ്ൻ, യാബദ്‌രിയ്യീൻ, യാശൈഖ് മുഹ്‌യുദ്ദീൻ, യാജീലാനി, യാശാദുലീ, യാരിഫാഈ തുടങ്ങി പലരെയും അവർ വിളിക്കുന്നു. അല്ലാഹു പറയുന്നു: **തീർച്ചയായും അല്ലാഹുവിന്ന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലെയുള്ള ദാസന്മാർ മാത്രമാണ്** (അഅ്റാഫ്-194) ചിലർ ഖബ്റുകൾക്ക് വലം വക്കുന്നു, ഖബ്റുകളെ ചുമ്പിക്കുന്നു, മണ്ണെടുത്ത് മുഖത്ത് പൂശുന്നു, സുജൂദ്ചെയ്യുന്നു. തൻെറ ആവശ്യം നിറവേറിക്കിട്ടാൻ, കുട്ടികളുണ്ടാകാൻ, രോഗം സുഖപ്പെടാൻ എന്നിവക്കു വേണ്ടി ഖബ്റുകൾക്കു മുന്നിൽ ഭയഭക്തിയോടും, വിനയഭവ്യതാദികളോടു കൂടിയും നിൽക്കുന്നു.

ചിലർ ഖബ്റാളികളോട് "ശൈഖേ, ഞാൻദൂരദിക്കിൽ നിന്നും വരുന്നവനാണ്, എന്നെ നിരാശനാക്കി മടക്കരുതേ, എന്നെ കയ്യൊഴിക്കരുതേ" എന്നിങ്ങനെ പറയുന്നതും കേൾക്കാം. അല്ലാഹു പറയുന്നു: **അല്ലാഹുവിന്ന്പുറമെ, ഉയിർത്തെഴുന്നേൽപിൻെറ നാളു വരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരുമാകുന്നു** (അഹ്ഖാഫ്-5). നബി (സ) ***പറഞ്ഞു, അല്ലാഹുവിനു പുറമെ, അവന്ന് സമന്മാരെയുണ്ടാക്കി അവരെ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ട് ആരെങ്കിലും മരിച്ചാൽ അവൻ നരകത്തിൽ പ്രവേശിക്കും.*** (ഹദീസ്).

ചിലർ ഖബ്റുകളുടെ അടുക്കൽവന്ന് മുടികളയുന്നു. ചിലരുടെ പക്കൽ *"ഔലിയാക്കളുടെ ഖബ്ർ സിയാറത്തിൻെറ രൂപം"* എന്ന പേരിലുള്ള പുസ്തകങ്ങൾ പോലും കാണാം. ലോകത്തുള്ള

പലകാര്യങ്ങളും നിയന്ത്രിക്കാനും, ഗുണദോഷങ്ങൾ വരുത്താനുമുള്ള കഴിവുകൾ ഔലിയാക്കൾക്കുണ്ടെന്ന് ഇവർ വിശ്വസിക്കുന്നു. അല്ലാഹു പറയുന്നു: **നിനക്ക് അല്ലാഹു വല്ലദോഷവും ഏൽപിക്കുന്നപക്ഷം അവനൊഴികെ അതു നീക്കം ചെയ്യുവാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ലഗുണവും ഉദ്ദേശിച്ചാൽ അവൻെറ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല.** [യൂനുസ്-107].

# أين الله؟

# അല്ലാഹു എവിടെയാകുന്നു?

അല്ലാഹു ആകാശത്തിലാകുന്നു എന്നാകുന്നു അഹ്ലുസ്സുന്നത്തി വൽജമാഅതിൻെറയും, സലഫുസ്വാലിഹുകളുടെയും വിശ്വാസം. ഖുർആനിൽ ഇങ്ങനെകാണാം:

**1-പരമകാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു** [20:5]

**2-ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ?** [67:16]

**3-ആകാശത്തുള്ളവൻ നിങ്ങളുടെനേരെ ഒരു ചരൽവർഷം അയക്കുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കയാണോ?** [67:17]

**4-അവർക്കു മീതെയുള്ള അവരുടെ രക്ഷിതാവിനെ അവർ ഭയപ്പെടുന്നു** [16:50]

**5-അവൻ തന്നെയാണ് ആകാശങ്ങളിലുള്ള യഥാർത്ഥ ദൈവം** [6:3]

ജഹ്മിയ്യാക്കളെപ്പോലെയുള്ള പിഴച്ചവിഭാഗങ്ങൾ വാദിക്കുന്നതുപോലെ, അല്ലാഹു എല്ലാ സ്ഥലത്തും ഉണ്ടെന്നവാദം തെറ്റാണെന്ന് എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും ഏകോപിച്ച് അഭിപ്രായപ്പെട്ടിരിക്കുന്നു (ഇബ്നുകഥീർ)

ഹദീസുകളിൽ നിന്ന്:-

*1- ഒരുഅടിമസ്ത്രീയോട് നബി(സ) ചോദിച്ചു: അല്ലാഹുഎവിടെയാണ്? സ്ത്രീ: ആകാശത്തിൽ. നബി: ഞാനാരാണ്?*

*സ്ത്രീ. താങ്കൾ അല്ലാഹുവിൻെറദൂതൻ. അവളുടെ യജമാനനോട് നബി(സ)പറഞ്ഞു, നീ അവളെ സ്വതന്ത്രയാക്കുക, അവൾ വിശ്വാസിനിയായിരിക്കുന്നു* [മുസ്ലിം].

*2-നബി(സ) പറഞ്ഞു. ഭൂമിയിലുള്ളവരോട് നിങ്ങൾ കരുണ കാണിക്കുക, എന്നാൽ ആകാശത്തിലുള്ളവൻ (അല്ലാഹു) നിങ്ങളോട് കാരുണ്യംചെയ്യും* [തുർമുദി].

പ്രാർത്ഥനാവേളകളിൽ മനുഷ്യർ തങ്ങളുടെ കൈകൾ ആകാശത്തേക്കുയർത്തുന്നതും ഇതിനുള്ള തെളിവാണ്. സൂഫികളും, അദ്വൈത സിദ്ധാന്തത്തിൻെറ വക്താക്കളും പറയുന്നതുപോലെ, അല്ലാഹു സർവ്വവ്യാപിയും, എല്ലാവസ്തുക്കളിലും (തൂണിലും, തുരുമ്പിലും) ഉള്ളവനുമായിരുന്നെങ്കിൽ നബി(സ) തൻെറ സഹാബത്തിനെ അത് പഠിപ്പിക്കുമായിരുന്നു.

**നിങ്ങൾ എവിടെ ആയിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട്താനും** [57:4] എന്നഖുർആൻ വാക്യത്തിൻെറ വിവക്ഷ, നിങ്ങൾ എവിടെവച്ച്, എന്തു പ്രവർത്തിച്ചാലും,അല്ലാഹു അത് കണ്ടുകൊണ്ടിരിക്കുന്നു എന്നതാണ്.

## الاحتفال بالمولد

## നബിദിനാഘോഷം

റബീഉൽഅവ്വൽ 12ന് നബി (സ) യുടെ ജന്മദിനാഘോഷം നമ്മുടെ നാട്ടിലങ്ങോളമിങ്ങോളം സാഘോഷം കൊണ്ടാടുന്നു. സ്ത്രീകളും, കുട്ടികളും, പുരുഷന്മാരും ഇതിൽ പങ്കുചേരുന്നു. ഇതിൻെറപേരിൽ വഅ്ള് പരമ്പരകളും, സമ്മേളനങ്ങളും, റാലികളും, ജാഥകളുമെല്ലാം നടത്തപ്പെടുന്നു. അമുസ്ലിംകളുടെ ചില ആഘോഷങ്ങൾ പോലെത്തന്നെ വീടുകളും, വാഹനങ്ങളുമെല്ലാം തോരണങ്ങൾ കൊണ്ടും, ദീപങ്ങൾ കൊണ്ടും അലങ്കരിക്കുന്നു. ഇങ്ങനെ പ്രവാചകൻെറ ജന്മദിനം ഇസ്ലാമിലെ ഒരു പ്രധാനപ്പെട്ട കർമ്മംപോലെ അരങ്ങേറുന്നു.

ഖുർആനും സുന്നത്തും പഠിപ്പിച്ചുതരാത്ത ഏതാചാരവും തള്ളിക്കളയേണ്ടതാണെന്ന് നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഖുർആനിലും സുന്നത്തിലും ഇതിന്നൊരു രേഖയുമില്ല. സഹാബികളാരും ഇത് നടത്തിയിട്ടില്ല. ഉത്തമ തലമുറയെന്ന് നബി (സ) തന്നെ പ

രിചയപ്പെടുത്തിയ ആദ്യത്തെ മൂന്നു തലമുറയിലും ഇതു നടന്നതിന് രേഖയില്ല. മൂന്നാം നൂറ്റാണ്ടിനു ശേഷം ഇസ്ലാമിൽ കടത്തിക്കൂട്ടപ്പെട്ട ഒരു നൂതനാചാരമാണിത്. നബി (സ) യോടുള്ള സ്നേഹത്തിൻെറ പേരിലാണ് ഇത് സംഘടിപ്പിക്കപ്പെടുന്നത്. നബി (സ) യോട് സ്നേഹം പ്രകടിപ്പിക്കേണ്ടത് അദ്ദേഹത്തിൻെറ ചര്യ ജീവിതത്തിൽ പകർത്തിക്കൊണ്ടാണല്ലോ. നബി(സ)യുടെ മാതൃകയിലെവിടെയും ഇല്ലാത്ത ജന്മദിനാഘോഷം സംഘടിപ്പിക്കാതിരിക്കലാണ് യഥാർത്ഥ പ്രവാചകസ്നേഹം. മറിച്ചു ചെയ്യുന്നത് പ്രവാചകനെ ധിക്കരിക്കലാണ്.

പിൽകാലത്തുണ്ടായ ബിദ്അത്താണിതെന്ന് ഇബ്നുഹജർ (റ) പറയുന്നു. സുയൂത്വി (റ) ഉദ്ധരിക്കുന്നത് നോക്കുക: *മൗലിദിൻെറ അടിസ്ഥാനം തന്നെ ബിദ്അത്താണ്. ഇത് മൂന്നാം നൂറ്റാണ്ടു വരെയുള്ള സലഫുകളിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടില്ല* (അൽഹാവീ-1/259). ഇതിന് ഖുർആനിൻെറയും, സുന്നത്തിൻെറയും പിൻബലമില്ലെന്ന് ഇമാം ഫാകിഹാനി പറയുന്നു:

لا أعلم لهذا المولد أصلا في كتاب ولاسنّة ولاينقل عمله عن أحد من علمـا ء الأمّة الذين هم قدوة في الدين، المتمسّكون بآثار المتقدّمين بل هو بدعـة أحدثهـا البطّـالون, وشهوة نفس إعتنى بها الأكّالون – الحاوي للفتاوى : ١٨٩/١

ഈ മൗലിദിന് ഖുർആനിലും, സുന്നത്തിലും യാതൊരു രേഖയുമില്ല. മതത്തിൽ മാതൃകയാക്കാവുന്ന, പൂർവ്വികരുടെ മാർഗ്ഗമവലംബിക്കുകയും ചെയ്യുന്ന ഒരുപണ്ഡിതനിൽ നിന്നും ഇത് ഉദ്ധരിക്കപ്പെട്ടിട്ടുമില്ല. മറിച്ച് ഇത് അലസന്മാർ നിർമ്മിച്ച ബിദ്അത്തും, തീറ്റക്കൊതിയന്മാർ പരിഗണിച്ചുവരുന്ന ഒരു ദേഹേഛയുമാണ് (അൽഹാവീ - 1/189).

ഒരു പ്രമാണത്തിൻെറയും പിൻബലമില്ലാത്ത ഈഅനാചാരത്തെ സ്വാർത്ഥമതികളായ ചില പുരോഹിതന്മാർ ഇക്കാലത്ത് ന്യായീകരിക്കുവാൻ ശ്രമിക്കുന്നത് കാണാം. മൗലിദ് എന്നാൽ മദ്ഹാണെന്നും, നബി(സ)യെ മദ്ഹ്ചെയ്യൽ നല്ലതല്ലേ എന്നൊക്കെയാണ് ചോദ്യം. മദ്ഹിന് ആരും എതിരല്ല. പക്ഷെ റസൂൽ(സ)യെ മദ്ഹ് ചെയ്യൽ റബീഉൽഅവ്വൽ 12ന് മാത്രംമതിയോ? അതെല്ലായ്പോഴും ചെയ്യേണ്ടതും, ആകാവുന്നതുമാണല്ലോ. അപ്പോൾ പിന്നെ ഒരു പ്രത്യേക ദിവസംമാത്രം അതിന്നു വേണ്ടി തിരഞ്ഞെ

ടുക്കുന്നതിൻെറ അർത്ഥം അതൊരു പ്രത്യേക ചടങ്ങാണെന്നാണല്ലോ. അങ്ങനെയൊരു ചടങ്ങ് റസൂൽ(സ) പഠിപ്പിച്ചിട്ടുണ്ടോ? മദ്ഹ് എന്നപേരിൽ പാരായണം ചെയ്യുന്ന മൻഖൂസ് മൗലിദിൽ തനി ശിർക്ക് തന്നെയുണ്ട്. ഉദാ:-

ارتكبت على الخطا غير حصر وعدد　　لك أشكوفيه يا سيّدي خير النبي

എണ്ണിയാലൊടുങ്ങാത്ത തെറ്റുകൾ ഞാൻചെയ്തുപോയി. നബിമാരിൽ ശ്രേഷ്ഠരായവരേ, അങ്ങയോട് ഞാനതിന് ആവലാതിബോധിപ്പിക്കുന്നു (മൻഖൂസ്). ഈവരികളിൽ, ചെയ്തുപോയ പാപങ്ങൾ പൊറുക്കാൻ നബി(സ)യോടാണ് പരാതി പറയുന്നത്. നബിയോട് പാപങ്ങൾപൊറുക്കാൻ വേണ്ടി പ്രാർത്ഥിക്കൽ അല്ലാഹുവിൻെറ അവകാശത്തിൽ പങ്കുചേർക്കലാണ്. ഖുർആൻ പറയുന്നു: **അല്ലാഹുവല്ലാതെ നിങ്ങൾക്ക് ആരാണ് പാപങ്ങൾ പൊറുത്തുതരാൻ**. ഇതിനെല്ലാം പുറമെ ഇങ്ങനെ ഒരു മൗലിദ് പാരായണം നബി(സ)യോ, സഹാബികളോ നടത്തിയിട്ടില്ലല്ലോ. നടത്തിയിരുന്നെങ്കിൽ ആ മൗലിദ്കിതാബ് ഏതായിരുന്നു? നബി (സ)യുടെയും, സഹാബികളുടെയും ജീവിതകാലം ഉൾപ്പെടെയുള്ള ആദ്യത്തെ മൂന്നുനൂറ്റാണ്ടിൽ മൗലിദ് കഴിക്കൽ ഉണ്ടായിരുന്നില്ലെന്ന് അത് സാഘോഷം കൊണ്ടാടുന്നവർ തന്നെ സമ്മതിക്കുന്നു. "ഹിജ്റ നാലാംനൂറ്റാണ്ട് മുതൽ മുസ്ലിം ലോകത്ത് ഈ സമ്പ്രദായം നടപ്പിലാക്കുകയും, പ്രമുഖപണ്ഡിതന്മാർ അതിന്ന് അംഗീകാരം നൽകുകയും, തദ്വിഷയകമായി നിരവധി ഗ്രന്ഥങ്ങൾ വിരചിതമാകുകയും ചെയ്തു" (സുന്നിവോയ്സ്-1981-ഡിസം-പേജ്-3). അൽമവാഹിബുൽ ജലിയ്യയിൽ തഴവ പറയുന്നു:

മൗലിദ് കഴിക്കൽ മുമ്പു പതിവില്ലാത്തതാ,
അതു ഹിജ്റ മുന്നൂറിന്ന് ശേഷം വന്നതാ
എന്നും സഹാവി പറഞ്ഞതായ് കാണുന്നതാ,
അത് ഹലബിയൊന്നാം ഭാഗമിൽ നോക്കേണ്ടതാ.

മൗലിദിന്ന് തെളിവുണ്ടാക്കാൻ മെനക്കെടുന്ന പുരോഹിതരോട് ചിലകാര്യങ്ങൾ ചോദിക്കട്ടെ.

1-നിങ്ങളുദ്ധരിക്കുന്ന തെളിവുകളൊക്കെ മൗലിദിനുള്ള തെളിവായിരുന്നെങ്കിൽ, എന്തുകൊണ്ട് ആതെളിവുകളെ കുറിച്ച് കൂടുതലറിയുന്ന, നബി(സ)യും സഹാബതും അതിൻെറ അടിസ്ഥാന

ത്തിൽ മൗലിദ് കഴിച്ചില്ല? അപ്പോൾ പിന്നെ, നിങ്ങൾ കൊണ്ടുവരുന്ന തെളിവുകൾ ദുർവ്യാഖ്യാനങ്ങളാണെന്ന് വ്യക്തമല്ലേ?

2-മുഹമ്മദ്നബി(സ) മുൻകഴിഞ്ഞ ഏതെങ്കിലുംനബിമാരുടെയോ, താൻെറതു തന്നെയോ, ഭാര്യമാരുടെയോ, മക്കളുടെയോ, ഖുലഫാഉർ-റാഷിദുകളുടെയോ ജന്മദിനം ആഘോഷിച്ചതിന് വല്ലരേഖയുമുണ്ടോ?

3-മദ്ഹബിൻെറ ഇമാമുകൾ ആരെങ്കിലും ഇത് ആഘോഷിച്ചിട്ടുണ്ടോ?

4-നബി(സ) ഖദീജയുടെ ബന്ധുക്കൾക്ക് ആടിനെ അറുത്ത് കൊടുത്ത്, ഖദീജ (റ) യുടെ മൗലിദ് കഴിച്ചുവെന്ന് പുരോഹിതന്മാർ പറയാറുണ്ട്. ഇത് തെളിവാണെങ്കിൽ, അതിൻെറ അടിസ്ഥാനത്തിൽ ഖദീജയുടെ മൗലിദല്ലേ നിങ്ങൾ കഴിക്കേണ്ടത്. എന്തുകൊണ്ട് ഒരു ഖദീജമൗലിദ് കഴിക്കുന്നില്ല?

5-നബി(സ)യുടെ മൗലിദ്കഴിക്കാത്ത സഹാബതും, മദ്ഹബിൻെറ ഇമാമുകളും സ്വർഗ്ഗത്തിൽ പോകുമെങ്കിൽ നമുക്കും അതു തന്നെ പോരേ?

# أحكام اليوم الآخر

# ന്യായവിധിനാൾ

മതവിശ്വാസിയുടെ വിശ്വാസത്തിൻെറ ഭാഗമാണ് പരലോക വിശ്വാസം. ആ ദിനത്തെകുറിച്ച് പരിശുദ്ധ ഖുർആനിലും നബി (സ) യുടെ സുന്നത്തിലും വ്യക്തമായി വന്നിട്ടുള്ള കാര്യങ്ങളിൽ വിശ്വസിക്കാതെ ഒരുമനുഷ്യനും സത്യവിശ്വാസിയാകുകയില്ല. അന്ത്യദിനത്തെ കുറിച്ചുള്ള അറിവും, അതിനെ അധികമായി ഓർക്കലും വളരെ പ്രാധാന്യമുള്ള കാര്യമാണ്. കാരണം മനുഷ്യ മനസ്സുകളിൽ ദൈവിക ഭയഭക്തിയും, അല്ലാഹുവിൻെറ മതത്തിൽ അടിയുറച്ച് നിൽക്കാനുള്ള ധൈര്യവും നൽകുന്ന കാര്യത്തിൽ അതിന് വളരെ വലിയ പങ്കുണ്ട്.

ആ ദിനത്തിൻെറ ഭയവിഹ്വലതകൾ ഓർത്താൽ ഏതൊരു ഹൃദയമാണ് കടുത്തതാകുക!? ഏതൊരു മനസ്സാണ് തെറ്റുകൾ ചെയ്യാൻ പ്രേരിപ്പിക്കുക!? അല്ലാഹു പറയുന്നു: **കുട്ടികളെ നരച്ചവരാക്കിത്തീർക്കുന്ന ഒരു ദിവസം** (മുസ്സമ്മിൽ-18)

**മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുവിൻ, തീർച്ചയായും ആ അന്ത്യ സമയത്തെ പ്രകമ്പനം ഭയങ്കരമായ ഒരു കാര്യം തന്നെയാകുന്നു. നിങ്ങൾ അത് കാണുന്ന ദിവസം ഏതൊരു മുല കൊടുക്കുന്ന മാതാവും താൻ മുലയൂട്ടുന്ന കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോകും. ഗർഭവതിയായ ഏതൊരു സ്ത്രീയും തന്റെ ഗർഭത്തിലുള്ളത് പ്രസവിച്ചു പോകുകയും ചെയ്യും. ജനങ്ങളെ മത്തുപിടിച്ചവരായി നിനക്ക് കാണുകയും ചെയ്യാം. (യഥാർത്ഥത്തിൽ) അവർ ലഹരി ബാധിച്ചവരല്ല. പക്ഷെ അല്ലാഹുവിന്റെ ശിക്ഷ കഠിനമാകുന്നു** (ഹജ്ജ്: 1-2).

പരലോകത്തെ കുറിച്ച് പറയുമ്പോൾ അതിൽ മനുഷ്യന്റെ മരണവും, അന്ത്യദിനത്തിന്റെ അടയാളവും, മരണാനന്തരം മനുഷ്യന് ഖബ്റിൽവച്ചും, ബർസഖിൽ വച്ചും, ലഭിക്കുന്ന ശിക്ഷാരക്ഷകളും, അന്ത്യനാളും പുനർ ജീവിതവും, വിചാരണക്കു വേണ്ടി മനുഷ്യനെ ഒരുമിച്ചു കൂട്ടലും, ആ ദിനത്തിന്റെ ഭയങ്കരതയും, ജനങ്ങളെ സ്വർഗ്ഗ നരകങ്ങളിലേക്ക് തിരിക്കുന്ന വിധി പ്രഖ്യാപനവും, സ്വർഗ്ഗീയ സുഖങ്ങളും, നരകശിക്ഷയും എല്ലാം ഉൾപ്പെടും.

## മരണം

ജീവനുള്ള എല്ലാ വസ്തുക്കളുടെയും ഈ ലോകത്ത് വച്ചുള്ള അന്ത്യമാണ് മരണം. അല്ലാഹു പറയുന്നു: **ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്** (ആലുഇംറാൻ-185) **അവിടെ (ഭൂമുഖത്ത്) യുള്ള എല്ലാവരും നശിച്ചു പോകുന്നവരാകുന്നു** (അർ-റഹ്മാൻ:26) അല്ലാഹു നബി (സ) യോട് പറയുന്നു: **തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു** (അസ്സുമർ:30) ഈ ലോകത്ത് ആരും തന്നെ സ്ഥിരവാസികളല്ലെന്ന് സാരം. **നബിയേ, നിനക്കു മുമ്പ് ഒരു മനുഷ്യനും നാം അനശ്വരത നൽകിയിട്ടില്ല** (അൽ അമ്പിയാ:34)

മരണം സുനിശ്ചിതമാണ്. നിസ്സംശയം സംഭവിക്കുന്ന കാര്യവുമാണ്. എന്നാൽ അധികപേരും അതിനെ കുറിച്ച് അശ്രദ്ധരുമാണ്. മുസ്ലിമായ മനുഷ്യൻ എപ്പോഴും മരണത്തെ ഓർത്തു കൊണ്ടിരിക്കുകയും, അതിന് ഒരുങ്ങുകയും, സമയം പാഴാക്കാതെ

തൻെറ ഐഹിക ജീവിതത്തിൽ നിന്നും പാരത്രിക ജീവിതത്തിലേക്കുള്ള യാത്രാവിഭവം തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്. നബി (സ) പറഞ്ഞു: ***അഞ്ചു കാര്യങ്ങൾ സംഭവിക്കുന്നതിന് മുമ്പ് നീ അഞ്ചു കാര്യങ്ങൾ ഉപയോഗപ്പെടുത്തുക. മരണത്തിനു മുമ്പ് ജീവിതം, രോഗിയാകുന്നതിനു മുമ്പ് ആരോഗ്യം, ജോലിത്തിരക്കിനു മുമ്പ് ഒഴിവു സമയം, വാർദ്ധക്യത്തിനു മുമ്പ് യുവത്വം, ദാരിദ്ര്യത്തിനു മുമ്പ് ഐശ്വര്യം എന്നിവ.*** മയ്യിത്തിൻെറ കൂടെ ഖബ്റിലേക്ക് ഭൗതികവിഭവങ്ങൾ ഒന്നും കൊണ്ടു പോകാറില്ല. തൻെറ പ്രവർത്തനങ്ങൾ മാത്രം കൂട്ടിന്. അതു കൊണ്ട് അല്ലാഹുവിൻെറ അനുഗ്രഹത്താൽ സന്തോഷവും, ശിക്ഷയിൽ നിന്നുള്ള മോചനവും ലഭിക്കുവാൻ സൽകർമ്മങ്ങൾ ചെയ്ത് യാത്രാഭക്ഷണം ഒരുക്കുന്നതിൽ നീ വ്യാപൃതനാവുക.

മനുഷ്യൻെറ അവധി അല്ലാഹു അല്ലാത്തവർക്കെല്ലാം അജ്ഞാതമാണ്. താൻ എവിടെവച്ച്, എപ്പോൾ മരിക്കുമെന്ന് ഒരു മനുഷ്യനും അറിയില്ല. അല്ലാഹുവിനു മാത്രം അറിയാവുന്ന അദൃശ്യ കാര്യങ്ങളിൽ പെട്ടതാണ് ഈ അറിവ്. മരണം ആസന്നമായാൽ അതിനെ തടയുവാനോ, അതിൽ നിന്ന് ഓടി രക്ഷപ്പെടുവാനോ ആർക്കും സാദ്ധ്യമല്ല. അല്ലാഹു പറയുന്നു: **ഓരോ സമുദായത്തിനും ഓരോ അവധിയുണ്ട്. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ അവർ ഒരു നാഴികനേരം പോലും വൈകിക്കുകയോ, നേരത്തെയാക്കുകയോ ഇല്ല** (അഅ്റാഫ്:34)

സത്യവിശ്വാസിക്ക് മരണം ആസന്നമായാൽ മരണത്തിൻെറ മലക്ക് അവൻെറ മുമ്പിൽ സുന്ദരരൂപത്തിൽ, സുഗന്ധവുമായി പ്രത്യക്ഷപ്പെടും. സ്വർഗ്ഗത്തെക്കുറിച്ച് സന്തോഷവാർത്ത അറിയി ച്ചു കൊണ്ട് അനുഗ്രഹത്തിൻെറ മലക്കുകളും കൂടെയുണ്ടാകും. അല്ലാഹു പറയുന്നു: **ഞങ്ങളുടെ രക്ഷിതാവ് അല്ലാഹു ആണെന്ന്** പറയുകയും പിന്നീട് നേരാംവണ്ണം നിലക്കൊള്ളുകയും ചെയ്തിട്ടുള്ളവരാരോ, **അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങി** വന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്; നിങ്ങൾ ഭയപ്പെടുകയോ, ദു:ഖിക്കുകയോ വേണ്ട. നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരിക്കുന്ന സ്വർഗ്ഗത്തെ

പ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുക (ഹാമീം,സജദ:30)

അവിശ്വാസിയുടെ മരണവേളയിൽ ദുർഗന്ധം വമിക്കുന്ന വസ്ത്രത്തിൽ, കറുത്ത മുഖവുമായി, ഭയങ്കര രൂപത്തിൽ മലക്കു പ്രത്യക്ഷപ്പെടും. നരകശിക്ഷ വാഗ്ദാനം ചെയ്തുകൊണ്ട് ശിക്ഷയുടെ മലക്കുകളും കൂടെവരും. അല്ലാഹു പറയുന്നു : **ആ അക്രമികൾ മരണ വെപ്രാളത്തിൽ ആയിരിക്കുന്ന രംഗം നീ കണ്ടിരുന്നെങ്കിൽ! നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പുറത്തിറക്കുവിൻ എന്ന് പറഞ്ഞുകൊണ്ട് മലക്കുകൾ അവരുടെ നേരെ തങ്ങളുടെ കൈകൾ നീട്ടിക്കൊ ണ്ടിരിക്കുകയാണ്. നിങ്ങൾ അല്ലാഹുവിൻെറ പേരിൽ സത്യമല്ലാത്തത് പറഞ്ഞു കൊണ്ടിരുന്നതിൻെറയും, അവൻെറ ദൃഷ്ടാന്തങ്ങളെ അഹങ്കരിച്ചു തള്ളിക്കളഞ്ഞിരുന്നതിൻെറയും ഫലമായി ഇന്ന് നിങ്ങൾക്ക് ഹീനമായശിക്ഷ നൽകപ്പെടുന്നതാണ് (എന്ന് മലക്കുകൾ പറയും)** (അൽ അൻആം:93).

മരണം ആസന്നമായവർക്കെല്ലാം സത്യം ബോധ്യമാവുകയും, കാര്യങ്ങളെല്ലാം വ്യക്തമാകുകയും ചെയ്യും. അല്ലാഹു പറയുന്നു: **അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ അവൻ പറയും, എൻെറ രക്ഷിതാവേ, ഞാൻ ഉപേക്ഷവരുത്തിയിട്ടുള്ള കാര്യത്തിൽ എനിക്ക് നല്ലനിലയിൽ പ്രവർത്തിക്കുവാൻ കഴിയത്തക്ക വിധം എന്നെ (ജീവിതത്തിലേക്ക്) തിരിച്ചയക്കേണമേ. ഒരിക്കലുമില്ല; അതൊരു വെറും വാക്കാണ്, അതവൻ പറഞ്ഞു കൊണ്ടിരിക്കും. അവരുടെ പിന്നിൽ അവർ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസം വരെ ഒരു മറയുണ്ടായിരിക്കുന്നതാണ്** (അൽ-മുഅ്മിനൂൻ:99-100). ധിക്കാരിയായ അവിശ്വാസി സൽകർമ്മങ്ങൾ പ്രവർത്തിക്കാൻ വേണ്ടി മരണസമയത്ത്, ജീവിതത്തിലേക്ക് ഒരു മടക്കം ആശിച്ചുപോകും. പക്ഷെ സമയം കഴിഞ്ഞശേഷം സങ്കടപ്പെട്ടിട്ട് ഫലമില്ലല്ലോ. അല്ലാഹു പറയുന്നു: **ശിക്ഷ നേരിൽ കാണുമ്പോൾ ഒരു തിരിച്ചു പോക്കിന് വല്ല മാർഗ്ഗവുമുണ്ടോ എന്ന് അക്രമകാരികൾ പറയുന്നതായി നിനക്കു കാണാം** (അശ്ശൂറാ:44)

മരണത്തിനു മുമ്പ് ആരുടെയെങ്കിലും അവസാനത്തെ വാക്ക്

"ലാഇലാഹ ഇല്ലല്ലാഹ്" ആയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്നത്, അല്ലാഹു അവൻെറ ദാസന്മാർക്ക് നൽകിയ അനുഗ്രഹങ്ങളിൽ പെട്ടതത്രെ. നബി (സ) പറഞ്ഞു, *ഇഹലോകത്തിൽ ആരുടെ അവസാനത്തെ വാക്ക് ലാഇലാഹ ഇല്ലല്ലാഹ് ആകുന്നുവോ, അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും*(അബൂദാവൂദ്). കാരണം ലാഇലാഹ ഇല്ലല്ലാഹ് എന്ന വാക്യത്തിൽ നിഷ്കളങ്കമായി വിശ്വസിക്കുന്നവനല്ലാതെ ആ വിഷമഘട്ടത്തിൽ അത് ഉച്ചരിക്കുവാൻ സാധിക്കുകയില്ല. നിഷ്കളങ്കതയില്ലാത്തവൻ മരണ വെപ്രാളത്തിൽ ഇത് ഉച്ചരിക്കാൻ മറന്നുപോകും. അതുകൊണ്ടാണ് മരണം ആസന്നമായവൻെറ അടുക്കൽ ചെന്നാൽ "ലാഇലാഹ ഇല്ലല്ലാഹ്" ചൊല്ലിക്കൊടുക്കൽ സുന്നത്താക്കപ്പെട്ടിട്ടുള്ളത്.

## 2-ഖബ്ർ

നബി(സ) പറഞ്ഞു; *ഒരുമനുഷ്യനെ ഖബ്റിൽ വച്ചശേഷം തൻെറ കൂട്ടുകാർ പിരിഞ്ഞുപോയാൽ - അവരുടെ ചെരിപ്പിൻെറ ശബ്ദം അവൻ കേൾക്കുന്ന ദൂരംവരെ മാത്രം അവർ അകന്നാൽ -അവൻെറയടുക്കൽ രണ്ട് മലക്കുകൾ വന്ന് അവനെ എഴുന്നേൽപിച്ചിരുത്തും. എന്നിട്ടവർ ചോദിക്കും, ഈ മനുഷ്യനെ (നബിയെ) കുറിച്ച് നീ എന്തായിരുന്നു പറഞ്ഞിരുന്നത്? നബി (സ) പറഞ്ഞു, സത്യവിശ്വാസി പറയും, അദ്ദേഹം അല്ലാഹുവിൻെറ ദാസനും, ദൂതനുമാണെന്ന് ഞാൻ സാക്ഷ്യംവഹിക്കുന്നു. അപ്പോൾ അവനോട് പറയപ്പെടും, നരകത്തിൽ നിൻെറ ഇരിപ്പിടം നീ നോക്കൂ, അതിനു പകരമായി അല്ലാഹു നിനക്ക് സ്വർഗ്ഗത്തിൽ ഒരു ഇരിപ്പിടം തന്നിരിക്കുന്നു. അത് രണ്ടും അവൻ കാണും. എന്നാൽ അവിശ്വാസിയോ, കപടവിശ്വാസിയോ ആണെങ്കിൽ, നീ ഈ മനുഷ്യനെകുറിച്ച് എന്താണ് പറഞ്ഞിരുന്നതെന്ന് ചോദിക്കപ്പെട്ടാൽ അവൻ പറയും, എനിക്കൊന്നും അറിയില്ല, ജനങ്ങളെല്ലാം പറയുന്നത് ഞാനും പറഞ്ഞു. അവനോട് പറയപ്പെടും, നീ പഠിക്കുകയുമില്ല, പിൻപറ്റുകയുമില്ല. ഇരുമ്പിൻെറ ഒരു ചുറ്റികകൊണ്ട് അവൻ അടിക്കപ്പെടും. അപ്പോൾ സമീപത്തുള്ള മനുഷ്യരും ജിന്നുകളുമല്ലാത്ത എല്ലാവരും കേൾക്കത്തക്ക ഉച്ചത്തിൽ അവൻ അട്ടഹസിക്കും.*

ഖബ്റിൽ മനുഷ്യാത്മാവ് (റൂഹ്) ജഡങ്ങളിലേക്ക് തിരിച്ചു വരുന്നത് തികച്ചും പാരത്രികവും, ഇഹലോകത്തെ മനുഷ്യ ബുദ്ധി

ക്ക് മനസ്സിലാക്കാൻ കഴിയാത്തതുമായ കാര്യമാണ്. ഖബ്റുക ളിൽ വച്ച് വിശ്വാസിയാണെങ്കിൽ രക്ഷയും, അവിശ്വാസിയാണെ ങ്കിൽ ശിക്ഷയും നൽകപ്പെടുമെന്ന കാര്യത്തിൽ മുസ്ലിംകൾ ഏ കാഭിപ്രാക്കാരാണ്. അല്ലാഹു പറയുന്നു: **നരകം! രാവിലെയും വൈകുന്നേരവും അവർ അതിന്നു മുമ്പിൽ പ്രദർശിപ്പിക്ക പ്പെടും, ആ അന്ത്യദിനം നിലവിൽ വരുന്ന ദിവസം ഫിർഔ ന്റെ ആളുകളെ, ഏറ്റവും കഠിനമായ ശിക്ഷയിൽ നിങ്ങൾ പ്രവേശിക്കുക (എന്ന് കൽപിക്കപ്പെടും)** (മുഅ്മിൻ:46)

നബി(സ) പറഞ്ഞു: ***ഖബ്ർ ശിക്ഷയിൽ നിന്നും നിങ്ങൾ അ ല്ലാഹുവിനോട് രക്ഷതേടുക***( മുസ്ലിം )

യഥാർത്ഥ ബുദ്ധി ഇക്കാര്യം നിഷേധിക്കുകയില്ല. കാരണം ഇതിനോട് തത്തുല്യമായത് മനുഷ്യൻ ഈ ലോകജീവിതത്തിൽ അനുഭവിക്കുന്നുണ്ട്. ഉറക്കത്തിൽ തനിക്ക് ശിക്ഷ ലഭിക്കുന്നതായി ഒരാൾക്ക് അനുഭവപ്പെടുകയും, തന്റെ അടുത്തുള്ളവർ പോലും അറിയാതെ അവൻ അട്ടഹസിക്കുകയും ചെയ്യാറുണ്ട്. ജീവിത ത്തിൽ സംഭവിക്കുന്ന ഈകാര്യം മരണശേഷവും ഉണ്ടാകുമെന്നത് തീർച്ചയാണ്.

ഖബ്റിൽ വച്ചുള്ള ശിക്ഷ ദേഹത്തിനും ദേഹിക്കും ഒരുമിച്ചാ യിരിക്കും. നബി (സ) പറയുന്നു: ***ഖബ്ർ പരലോകത്തിലെ ആദ്യത്തെ വീടാകുന്നു. അതിൽ രക്ഷകിട്ടിയാൽ, അതിനു ശേഷ മുള്ളവ അതിനേക്കാൾ എളുപ്പമുള്ളതായിരിക്കും. അതിൽ രക്ഷ കിട്ടിയിട്ടില്ലെങ്കിൽ അതിനു ശേഷമുള്ളവ അതിനേക്കാൾ ക ഠിനമായിരിക്കും.***(തുർമുദി). അതുകൊണ്ട് ഓരോ മുസ്ലിമും ഖബ്ർ ശിക്ഷയിൽ നിന്നും രക്ഷ തേടിക്കൊണ്ടിരിക്കണം. വിശിഷ്യ നമസ്കാരത്തിൽ സലാമിനു മുമ്പ്. അതുപോലെ തന്നെ നരക ശിക്ഷക്കും, ഖബ്ർ ശിക്ഷക്കും ഒന്നാമത്തെ കാരണമായിത്തീരുന്ന എല്ലാ ദോഷങ്ങളിൽ നിന്നും അകന്നു നിൽക്കാനും അവൻ ശ്രമി ക്കണം. ഭൂരിപക്ഷം ജനങ്ങളും ഖബ്റിൽ മറവു ചെയ്യപ്പെടുന്നത് കൊണ്ടാണ് ഖബ്ർശിക്ഷ എന്നപേർ പറയപ്പെടുന്നത്. എന്നാൽ വെള്ളത്തിൽ മുങ്ങിമരിച്ചവൻ, തീയിലെരിഞ്ഞവൻ, വന്യമൃഗങ്ങൾ തിന്നുകളഞ്ഞവൻ ഇവർക്കെല്ലാം ഈ (മരണത്തിനു ശേഷം ഖിയാ മത്തിന്നിടയിലുള്ള) ബർസഖിലെ ശിക്ഷാ രക്ഷകൾ ലഭിക്കും.

ഖബ്ർശിക്ഷ വിവിധങ്ങളാണ്. ഇരുമ്പ് ദണ്ഡുകൾ കൊണ്ടാ

മറ്റേ ഉള്ള അടി, വാരിയെല്ലുകൾ പരസ്പരം കോർക്കപ്പെടുന്ന രൂപത്തിൽ ഖബ്ർ കുടുസ്സ് (ഇടുക്കം) ആകൽ, ഖബ്റിൽ ഇരുട്ട് നിറയൽ, നരകത്തിൽ നിന്നുള്ള ഒരുവിരിപ്പ്, നരകത്തിലേക്ക് ഒരു വാതിൽ തുറന്നു വക്കൽ, അവൻെറ ദുഷ്പ്രവൃത്തികൾ ദുർഗന്ധം വമിക്കുന്ന ഒരുവിരൂപിയുടെ രൂപത്തിൽവന്ന് അവൻെറകൂടെ ഖബ്റിൽ ഇരിക്കൽ തുടങ്ങിയവ. അവിശ്വാസിയോ, കപട വിശ്വാസിയോ ആണെങ്കിൽ ശിക്ഷതുടരും. സത്യവിശ്വാസിയാണെങ്കിൽ അവൻെറ തെറ്റിനനുസരിച്ച് ശിക്ഷ വ്യത്യാസപ്പെട്ടു കൊണ്ടിരിക്കുകയും, ചിലപ്പോൾ ശിക്ഷ ഇല്ലാതായിത്തീരുകയും ചെയ്യും. സത്യവിശ്വാസിക്ക് ഖബ്റിൽ വിശാലത ലഭിക്കും. ഖബ്റിൽ പ്രകാശം നിറയുകയും, ഖബ്റിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് ഒരു വാതിൽ തുറക്കപ്പെടുകയും ചെയ്യും. അതിലൂടെ സ്വർഗ്ഗത്തിൻെറ സുഗന്ധം അവന്ന് വന്നു കൊണ്ടിരിക്കുകയും, സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു വിരിപ്പ് അവന്ന് വിരിക്കപ്പെടുകയും ചെയ്യും. അവൻെറ സൽപ്രവൃത്തികൾ ഒരുസുന്ദരൻെറ രൂപത്തിൽവന്ന് ഖബ്റിൽ അവന്നു കൂട്ടിനും.

## 3-അന്ത്യനാളും അതിൻെറ അടയാളങ്ങളും

ഈ ലോകം അല്ലാഹു ശാശ്വതമായി സൃഷ്ടിച്ചതല്ല. അത് അവസാനിക്കുന്ന ഒരുനാൾവരും. ഈ ദിനത്തിലാണ് ഖിയാമത് (അന്ത്യ) നാൾ സംഭവിക്കുക. അന്ത്യനാൾ സത്യവും സംശയരഹിതവുമാണ്. അല്ലാഹു പറയുന്നു: **അന്ത്യദിനം വരിക തന്നെചെയ്യും, അതിൽ യാതൊരു സംശയവുമില്ല.** (ഹജ്ജ്:7) **ആ അന്ത്യസമയം ഞങ്ങൾക്ക് വന്നെത്തുകയില്ലെന്ന് സത്യനിഷേധികൾ പറഞ്ഞു. നീ പറയുക, അല്ല, എൻെറ രക്ഷിതാവിനെ തന്നെയാണ്, അത് നിങ്ങൾക്ക് വന്നെത്തുക തന്നെ ചെയ്യും.** (സബഅ്:3) **ആ (അന്ത്യ) സമയം അടുത്തു** (ഖമർ:1) എന്ന് അല്ലാഹു പറയുന്നു. **ജനങ്ങൾക്ക് അവരുടെ വിചാരണ ആസന്നമായിരിക്കുന്നു. അവരാകട്ടെ അശ്രദ്ധയിലായിക്കൊണ്ട് തിരിഞ്ഞു കളയുന്നവരാകുന്നു.** (അൽ അമ്പിയാ:1) എന്നാൽ അന്ത്യദിനത്തിൻെറ സാമീപ്യം മനുഷ്യന് സുപരിചിതമായ മാനദണ്ഡങ്ങൾ കൊണ്ട് അളക്കുവാൻ സാദ്ധ്യമല്ല. അത് അല്ലാഹുവിൻെറ അറിവുമായും, ദുൻയാവിൻെറ കഴിഞ്ഞുപോയ കാലവുമായും മാത്രം ബന്ധപ്പെട്ടതാകുന്നു.

അന്ത്യനാളിനെ കുറിച്ചുള്ള അറിവ് അല്ലാഹു -അവൻെറ സൃഷ്ടികൾക്ക് ആർക്കും നൽകാതെ- സ്വന്തമാക്കി വച്ചിരിക്കുന്ന അദൃശ്യകാര്യങ്ങളിൽ പെട്ടതാണ്. അല്ലാഹു പറയുന്നു, **ജനങ്ങൾ അന്ത്യസമയത്തെപറ്റി നിന്നോട് ചോദിക്കുന്നു, പറയുക, അതിനെ പറ്റിയുള്ള അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു. നിനക്ക് അതിനെപറ്റി അറിവ് നൽകുന്ന എന്തൊന്നാണുള്ളത്? അന്ത്യസമയം ഒരുവേള സമീപസ്ഥമായിരിക്കാം.** (അൽ അഹ്സാബ്:63)

അന്ത്യദിനം അടുത്തുവരുന്നതിൻെറ പല അടയാളങ്ങളും നബി (സ) പറഞ്ഞിട്ടുണ്ട്. അതിൽ പെട്ടതാണ് മസീഹുദ്ദജ്ജാലിൻെറ പുറപ്പാട്. ചില അദ്ഭുത സിദ്ധികളിലൂടെ ജനങ്ങളെ വഞ്ചിതരാക്കാവുന്ന കഴിവുകൾ നൽകപ്പെട്ടു കൊണ്ടുള്ള ഒരു വലിയ പരീക്ഷണമായിരിക്കും അവൻ. അവൻ ആകാശത്തോട് മഴ വർഷിക്കാൻ കൽപിച്ചാൽ മഴപെയ്യും. പുല്ലിനോട് മുളക്കാൻ കൽപിച്ചാൽ അതു മുളക്കും. മരിച്ചവരെ ജീവിപ്പിക്കുക പോലെയുള്ള അൽഭുത സിദ്ധികൾ അവൻ കാണിക്കും. അവൻ ഒറ്റക്കണ്ണുള്ളവനായിരിക്കുമെന്ന് നബി (സ) പറഞ്ഞിരിക്കുന്നു. സ്വർഗ്ഗത്തിൻെറയും നരകത്തിൻെറയും മാതൃകകൾ അവൻ കൊണ്ടുവരും. സ്വർഗ്ഗമാണെന്ന് അവൻ പറയുന്നത് നരകമായിരിക്കും. ഭൂമിയിൽ അവൻ നാൽപത് ദിവസം കഴിച്ചുകൂട്ടും. അതിൽ ഒരുദിവസം ഒരു വർഷത്തിൻെറ ദൈർഘ്യവും, ഒരുദിവസം ഒരുമാസത്തിൻെറ ദൈർഘ്യവും, ഒരു ദിവസം ഒരു ആഴ്ചയുടെ ദൈർഘ്യവും, ബാക്കിയുള്ള ദിവസങ്ങൾ സാധാരണ ദിവസങ്ങൾ പോലെ ദൈർഘ്യമുള്ളവയും ആയിരിക്കും. ഭൂമിയിൽ മക്കയും മദീനയും ഒഴികെയുള്ള മുഴുവൻ സ്ഥലത്തും അവൻ പ്രവേശിക്കും.

മറ്റൊന്നാണ് ഈസാ നബിയുടെ വരവ്. അദ്ദേഹം ഡമസ്കസിൻെറ കിഴക്ക് ഭാഗത്തുള്ള വെള്ളമിനാരത്തിൽ, പ്രഭാത നമസ്കാര സമയത്ത് പ്രത്യക്ഷപ്പെടുകയും, ജനങ്ങളുടെ കൂടെ സുബഹ് നമസ്കരിക്കുകയും ചെയ്യും. പിന്നീട് ദജ്ജാലിനെ അന്വേഷിച്ച് കണ്ടെത്തി അവനെ കൊല്ലുകയും ചെയ്യും.

സൂര്യൻ അതിൻെറ അസ്തമയ സ്ഥാനത്തു നിന്ന് ഉദിക്കൽ മറ്റൊരു അടയാളമാണ്. അപ്പോൾ ജനങ്ങളെല്ലാം പേടിക്കുകയും, വിശ്വസിക്കുകയും ചെയ്യും. എന്നാൽ അന്നേരത്തുള്ള അവരുടെ

വിശ്വാസം ഉപകരിക്കില്ല. ഇതുപോലെ വിവിധങ്ങളായ അടയാള ങ്ങൾ അന്ത്യദിനത്തിനുണ്ട്.

അന്ത്യദിനം സംഭവിക്കുമ്പോൾ ദുഷ്ടജനങ്ങൾ മാത്രമേ ഭൂമി യിൽ അവശേഷിക്കുകയുള്ളൂ. അതിന്ന് മുമ്പായി അല്ലാഹു ഒരു നല്ലകാറ്റ് അയച്ചുകൊണ്ട് മുഴുവൻ സത്യവിശ്വാസികളുടെയും ആത്മാക്കളെ പിടിക്കുന്നതാണ്. പിന്നീട് സൂറ് (കാഹളം) മുഴക്കാൻ ചമതലപ്പെടുത്തിയ മലക്കിനോട് അതുമുഴക്കുവാൻ അല്ലാഹു ക ൽപിക്കും. ഭൂമിയും അതിലുള്ള മുഴുവൻ സൃഷടികളെയും നശിപ്പി ക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരിക്കും ആ ഉത്തരവ്. ആ ശബ്ദം കേട്ടമാത്രയിൽ മുഴുവൻ വസ്തുക്കളും ചേതനയറ്റവരായിത്തീരും. അല്ലാഹു പറയുന്നു: **കാഹളത്തിൽ ഊതപ്പെടും, അപ്പോൾ ആ കാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും ചലനമറ്റവരായി ത്തീരും. അല്ലാഹു ഉദ്ദേശിച്ചവരൊഴികെ** (സുമർ:6). ഇത് ഒരു വെള്ളിയാഴ്ച ആയിരിക്കും. പിന്നീട് എല്ലാ മലക്കുകളും മരിക്കും.

അല്ലാഹു ഒഴികെ യാതൊന്നും അവശേഷിക്കുകയില്ല.മനുഷ്യ ശരീരത്തിലെ നട്ടെല്ലിൻെറ താഴെഅറ്റത്തുള്ള കടുകു മണിയോളം വലിപ്പമുള്ളഭാഗം (Coccyx) ഒഴികെ ബാക്കിയുള്ളതെല്ലാം മണ്ണു തിന്ന് നശിപ്പിക്കും. എന്നാൽ പ്രവാചകന്മാരുടെ ശരീരം മണ്ണു തി ന്നുകയില്ല. അല്ലാഹു ആകാശത്തുനിന്നും മഴ വർഷിപ്പിക്കുമ്പോൾ ശരീരങ്ങളെല്ലാം വീണ്ടും ഉണ്ടാകും. പിന്നീട് കാഹളം മുഴക്കുന്ന മലക്ക് ഇസ്റാഫീലിനെ അല്ലാഹു ജീവിപ്പിക്കും. അദ്ദേഹം വീണ്ടും കാഹളത്തിൽ ഊതിയാൽ എല്ലാ സൃഷ്ടികളെയും അല്ലാഹു ജീവി പ്പിക്കും. ജനങ്ങൾ അവരുടെ ഖബ്റുകളിൽ നിന്നും, അല്ലാഹു അവരെ ആദ്യം സൃഷ്ടിച്ച രൂപത്തിൽ-നഗ്നരും, ചേലാകർമ്മം ചെ യ്യപ്പെടാത്തവരും, നഗ്നപാദരുമായി- പുറത്തുവരും. അല്ലാഹു പറ യുന്നു: **കാഹളത്തിൽ ഊതപ്പെടും, അപ്പോൾ അവർ ഖബ് റുകളിൽ നിന്നും അവരുടെ രക്ഷിതാവിങ്കലേക്ക് കുതിച്ചു ചെല്ലും.**(യാസീൻ:51) **അതായത് അവർ ഒരു നാട്ടക്കുറിയുടെ നേരെ ധൃതിപ്പെട്ടു പോകുന്നതുപോലെ ഖബ്റുകളിൽ നി ന്ന് അവർ ധൃതിപ്പെട്ട് പുറപ്പെട്ടുപോകുന്ന ദിവസം. അവ രുടെ കണ്ണുകൾ കീഴ്പോട്ട് താണിരിക്കും. അപമാനം അ വരെ ആവരണം ചെയ്തിരിക്കും. അതാണ് അവർക്ക് താ**

ക്കീത് നൽകപ്പെട്ടിരുന്ന ദിവസം. (മആരിജ്:43-44)

ഭൂമിയിൽനിന്ന് ആദ്യമായി പുറത്ത് വരുന്നത് നമ്മുടെ നബി മുഹമ്മദ് (സ) ആയിരിക്കുമെന്ന് പ്രവാചകൻ (സ) പറഞ്ഞിരിക്കുന്നു. പിന്നീട് ജനങ്ങളെല്ലാം അതിവിശാലമായ വിചാരണ നിലത്തി (മഹ്ശറി) ലേക്ക് നയിക്കപ്പെടും. അവിശ്വാസികൾ അവരുടെ മുഖത്തിന്മേൽ ഒരുമിച്ചു കൂട്ടപ്പെടും. എങ്ങനെയാണ് മുഖങ്ങളിൽ ഒരുമിച്ചു കൂട്ടപ്പെടുകയെന്ന് നബി (സ) ചോദിക്കപ്പെട്ടപ്പോൾ, അദ്ദേഹം പറഞ്ഞു: ***കാലുകളിൽ അവരെ നടത്തിയവൻ മുഖങ്ങളിൽ അവരെ നടത്തുവാൻ കഴിവുള്ളവനാണ്*** (ബുഖാരി-മുസ്ലിം). ദൈവസ്മരണയിൽ നിന്നും അകന്നവർ അന്ധരായിട്ടായിരിക്കും ഒരുമിച്ചു കൂട്ടപ്പെടുക. അന്ന് സൂര്യൻ മനുഷ്യരുടെ വളരെ അടുത്തായിരിക്കും. ഓരോരുത്തരുടെയും പാപങ്ങളുടെ തോതനുസരിച്ച് മനുഷ്യർ വിയർപ്പിൽ മുങ്ങും. ***നെരിയാണിവരെ വിയർപ്പിൽ മുങ്ങിയവരും, അരക്കെട്ടുവരെ മുങ്ങിയവരും, ശരീരം മുഴുവൻ മുങ്ങിയവരും ഉണ്ടാകും.*** (മുസ്ലിം) അല്ലാഹുവിൻെറ സിംഹാസനത്തിൻെറ തണൽ ലഭിക്കുന്നവരും ഉണ്ടാകും. നബി (സ) പറഞ്ഞു: ***മറ്റൊരു തണലുമില്ലാത്ത ദിവസം ഏഴുവിഭാഗത്തിന് അല്ലാഹു അവൻെറ തണലേകും. നീതിമാനായ ഭരണാധികാരി, അല്ലാഹുവിൻെറ കൽപനയനുസരിച്ച് ജീവിച്ച യുവാവ്, ഹൃദയം പള്ളിയുമായി ബന്ധപ്പെട്ടിട്ടുള്ളവൻ, ഒരുമിച്ചാകുമ്പോളും പിരിയുമ്പോളും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സ്നേഹിച്ച രണ്ടാൾക്കാർ, സൗന്ദര്യവും തറവാടുമുള്ള ഒരു സ്ത്രീ (വ്യഭിചാരത്തിന്) ക്ഷണിച്ചപ്പോൾ, ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു എന്ന് പറഞ്ഞ് പിന്തിരിഞ്ഞവൻ, തൻെറ വലതു കൈ ചിലവഴിച്ചത് ഇടതു കൈ അറിയാത്ത രൂപത്തിൽ ദാനധർമ്മങ്ങൾ ചെയ്തവൻ, ഒറ്റക്കിരുന്ന് അല്ലാഹുവിനെയോർത്ത് കണ്ണുനീർ വാർത്തവൻ.*** (ബുഖാരി-മുസ്ലിം) ഇവയിലൊന്നും സ്ത്രീ പുരുഷ ഭേദമില്ല.

ജനങ്ങൾക്ക് കഠിനമായ ദാഹം അനുഭവപ്പെടും. ഒരുദിവസത്തിന് അമ്പതിനായിരം വർഷത്തിൻെറ ദൈർഘ്യം അനുഭവപ്പെടും. സത്യവിശ്വാസിക്ക് ഒരുനേരത്തെ നമസ്കാരം നിർവഹിക്കുന്ന നേരമായേ തോന്നുകയുള്ളൂ. മുസ്ലിംകൾ നബി (സ) യുടെ ഹൗളിൽ നിന്നും വെള്ളം കുടിക്കും. ആ ഹൗള് നമ്മുടെ നബി (സ)ക്ക് അല്ലാഹു നൽകുന്ന മഹത്തായ ആദരവും, ബഹുമാനവുമാണ്.

ഖിയാമത്ത് നാളിൽ അദ്ദേഹത്തിൻെറ സമൂഹം അതിൽ നിന്നും വെള്ളം കുടിക്കും. അതിലുള്ള വെള്ളം പാലിനെക്കാൾ വെളുത്തതും, തേനിനെക്കാൾ മാധുര്യമുള്ളതും, കസ്തൂരിയെക്കാൾ സുഗന്ധമുള്ളതുമാണ്. വെള്ളം കുടിക്കാൻ നക്ഷത്രങ്ങളുടെയത്ര എണ്ണം പാത്രങ്ങളുണ്ട്. അതിൽനിന്ന് ഒരു പ്രാവശ്യം ആരെങ്കിലും കുടിച്ചാൽ പിന്നീട് അവന് ദാഹം ഉണ്ടാകുകയില്ല. ജനങ്ങൾ തങ്ങളുടെ വിചാരണയും വിധിയും പ്രതീക്ഷിച്ച് മഹ്ശറിൽ കുറേകാലം നിൽക്കും. ചൂടും വിഷമവും സഹിച്ചുകൊണ്ടുള്ള കാത്തിരിപ്പ് ദീർഘിക്കുമ്പോൾ, അല്ലാഹുവിൻെറയടുക്കൽ (തങ്ങളുടെ വിധി പറയാൻ) ശുപാർശ പറയുന്നയാളെ അവർ അന്വേഷിക്കും. അങ്ങനെയവർ ആദം (അ) നബിയടെ അടുക്കൽ എത്തും. അദ്ദേഹം ഒഴികഴിവ് പറയും. പിന്നീട് നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ എന്നീ പ്രവാചകന്മാരെ സമീപിക്കും. അവരെല്ലാം അവരുടേതായ കാരണങ്ങൾ പറഞ്ഞു ഒഴിയും. അവസാനം അവർ മുഹമ്മദ്നബി (സ) യുടെ അടുക്കൽ ചെല്ലും. അദ്ദേഹം "ഞാനതു ചെയ്യാമെന്ന്" പറയും. അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് അവൻെറ സിംഹാസനത്തിൻെറ താഴെ സുജൂദിൽ വീഴും. അല്ലാഹു നബി(സ) ക്ക് അറിയിച്ചു കൊടുക്കുന്ന ചില കീർത്തനങ്ങളാൽ അല്ലാഹുവെ അദ്ദേഹം സ്തുതിക്കും. അപ്പോൾ അദ്ദേഹത്തോട് പറയപ്പെടും; മുഹമ്മദ്, താങ്കൾ തല ഉയർത്തുക, താങ്കൾ ചോദിച്ചു കൊള്ളുക, നൽകപ്പെടും. താങ്കൾ ശുപാർശചെയ്യുക, സ്വീകരിക്കപ്പെടും. അങ്ങനെ അല്ലാഹു വിചാരണയും വിധിയും നടത്തും. മുഹമ്മദ് നബി (സ) യുടെ സമുദായമായിരിക്കും ആദ്യം വിചാരണക്കു വിധേയരാകുക. *ഓരോ മനുഷ്യൻെറയും നമസ്കാരമായിരിക്കും ആദ്യം വിചാരണ ചെയ്യപ്പെടുക. അതു സ്വീകാര്യമായാൽ മറ്റെല്ലാം സ്വീകാര്യമായിത്തീരും. അതു തള്ളപ്പെട്ടാൽ മറ്റെല്ലാം തള്ളപ്പെടും* (അൽ മുവത്വഅ്). അതുപോലെ അഞ്ചു കാര്യങ്ങളെ കുറിച്ച് മനുഷ്യൻ ചോദിക്കപ്പെടും. *ആയുഷ്കാലം എങ്ങനെ ചെലവഴിച്ചു? യുവത്വം എങ്ങനെ കഴിച്ചുകൂട്ടി? ധനം എങ്ങനെ സമ്പാദിച്ചു? എങ്ങനെ ചെലവഴിച്ചു? അറിവ്, അതുകൊണ്ട് എന്തെല്ലാം പ്രവർത്തിച്ചു?*(ബുഖാരി-മുസ്ലിം)

മനുഷ്യർക്കിടയിൽ ആദ്യമായി വിധിനടപ്പാക്കപ്പെടുക രക്തത്തിൻെറ കാര്യത്തിലാണ്. അന്ന് തിന്മകൾക്ക്, നന്മകൾ പകരം

നൽകിക്കൊണ്ടായിരിക്കും പ്രതികാരം. ഒരാളുടെ നന്മകൾ എടുത്ത്, താൻ പാതകം ചെയ്തയാൾക്ക് കൊടുക്കപ്പെടും. അങ്ങനെ അവൻെറ നന്മകൾ തീർന്നുപോയാൽ അപരൻെറ കുറ്റങ്ങൾ ഒന്നാമന് നൽകപ്പെടും. വിചാരണക്കു ശേഷം സ്വിറാത് സ്ഥാപിക്കപ്പെടും. മുടിയെക്കാൾ നേരിയതും, വാളിനെക്കാൾ മൂർച്ചയേറിയതുമായി നരകത്തിന് മുകളിൽ തീർക്കപ്പെടുന്ന ഒരു വഴിയാണ് സ്വിറാത്. ഓരോരുത്തരുടെയും കർമ്മങ്ങൾക്കനുസരിച്ച് മനുഷ്യർ അതിലൂടെ കടന്നുപോകും. കണ്ണിമവെട്ടുന്ന വേഗതയിലും, കാറ്റിൻെറ വേഗതയിലും, കുതിരയുടെ വേഗതയിലും, ഇഴഞ്ഞു കൊണ്ട് പോകുന്നവരും അവരിലുണ്ടാകും. സ്വിറാത്തിന്മേൽ മനുഷ്യരെ പിടിച്ച് നരകത്തിൽ ഇടുന്ന കൊളുത്തുകൾ ഉണ്ടായിരിക്കും. സത്യനിഷേധികളും, അല്ലാഹു ഉദ്ദേശിച്ചവരായ വിശ്വാസികളിലെ പാപികളും നരകത്തിൽ വീഴും. സത്യനിഷേധികൾ നരകത്തിൽ സ്ഥിരവാസികളായി മാറും. പാപികളായ വിശ്വാസികൾ അല്ലാഹു ഉദ്ദേശിക്കുന്നത്ര കാലം ശിക്ഷ അനുഭവിച്ച ശേഷം നരകത്തിൽ നിന്ന് പുറത്തുവന്ന് സ്വർഗ്ഗത്തിൽ പ്രവേശിക്കും.

നരകത്തിൽ പ്രവേശിച്ച ഏകദൈവ വിശ്വാസികളായ ചിലർക്കു വേണ്ടി ശുപാർശ ചെയ്യാൻ നബിമാർക്കും, സ്വാലിഹുകൾക്കും അല്ലാഹു അനുവാദം നൽകും. അങ്ങനെ അവരെയും അല്ലാഹു നരകത്തിൽ നിന്ന് പുറത്തെടുക്കും. സ്വർഗ്ഗവാസികളിൽ ചിലർ സ്വിറാത്തിലൂടെ പോകുമ്പോൾ -അവരിൽ ചിലർക്ക് ചിലരോടുള്ള പ്രതികാരം എടുക്കുന്നതിന് -സ്വർഗ്ഗത്തിനും നരകത്തിനും ഇടയിൽ നിന്നു പോകും. തൻെറ സഹോദരനിൽ നിന്നും അക്രമമായെടുത്ത വല്ലതും ഉണ്ടെങ്കിൽ അതിനു പ്രതികാരം ചെയ്ത് ആത്മശുദ്ധീകരണം നടത്തിയ ശേഷമേ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളൂ.

സ്വർഗ്ഗവാസികൾ സ്വർഗ്ഗത്തിലും, നരകവാസികൾ നരകത്തിലും പ്രവേശിച്ചുകഴിഞ്ഞാൽ ***ഒരു ആടിൻെറ രൂപത്തിൽ മരണത്തെ ഹാജരാക്കപ്പെടും. സ്വർഗ്ഗ-നരകങ്ങളുടെ ഇടയിൽ വച്ച്, അതിലെ ആൾക്കാർ കാണത്തക്കവിധം അതിനെ അറുക്കും. പിന്നീട് പറയപ്പെടും; സ്വർഗ്ഗക്കാരേ, നിങ്ങൾ ശാശ്വതരാണ്, നിങ്ങൾക്കിനി മരണമില്ല. നരകക്കാരേ, നിങ്ങളും ശാശ്വതരാണ്, നിങ്ങൾക്കും മരണമില്ല***(തുർമുദി). അപ്പോൾ സന്തോഷാധിക്യത്താൽ ആരെങ്കിലും

മരിക്കുമായിരുന്നെങ്കിൽ സ്വർഗ്ഗവാസികൾ മരിക്കുമായിരുന്നു. ദുഃഖത്തിൻെറ ആധികൃത്താൽ ആരെങ്കിലും മരിക്കുമായിരുന്നെങ്കിൽ നരകവാസി മരിക്കുമായിരുന്നു.

## നരകശിക്ഷ

അല്ലാഹു പറയുന്നു: **മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചു കൊള്ളുക. സത്യനിഷേധികൾക്കു വേണ്ടി ഒരുക്കി വക്കപ്പെട്ടതാകുന്നു അത്.** (അൽബഖറ-24)

നബി(സ) പറഞ്ഞു: ***നിങ്ങൾ കത്തിച്ചുകൊണ്ടിരിക്കുന്ന തീ, നരകാഗ്നിയുടെ എഴുപതിൽ ഒരംശം മാത്രമേയുള്ളു. സഹാബികൾ പറഞ്ഞു, റസൂലേ, (സത്യനിഷേധികളെ ശിക്ഷിക്കാൻ) ഈ തീ തന്നെ മതിയല്ലോ. നബി(സ) പറഞ്ഞു, നരകാഗ്നിക്ക് ഈ ലോകത്തുള്ള അഗ്നിയെക്കാൾ 69ഇരട്ടി ശക്തിയുണ്ട്. ഓരോന്നും ലോകത്തുള്ള തീയിൻെറ അത്രതന്നെ ചൂടുള്ളതാകുന്നു*** (ബുഖാരി-മുസ്ലിം).

നരകം ഏഴുതട്ടുകളാണ്. ഓരോ തട്ടിലും അടുത്ത തട്ടിനേക്കാൾ കാഠിന്യമേറിയ ശിക്ഷയാണുള്ളത്. മനുഷ്യരുടെ കുറ്റകൃത്യങ്ങൾക്കനുസരിച്ച് ഓരോ തട്ടിലും കുറ്റവാളികൾ ഉണ്ടായിരിക്കും. കപട വിശ്വാസികൾ നരകത്തിൻെറ ഏറ്റവും കാഠിന്യമേറിയ അടിയിലെ തട്ടിലായിരിക്കും. സത്യനിഷേധികൾക്കുള്ള നരക ശിക്ഷ ശാശ്വതമായിരിക്കും. തീയിൽ കിടന്ന് അവർ കരിയുമ്പോൾ കൂടുതൽ കാഠിന്യമേറിയ ശിക്ഷയിലേക്കവർ മടക്കപ്പെടും. അല്ലാഹു പറയുന്നു: **അവരുടെ തൊലികൾ വെന്തു പോകുമ്പോളെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റിക്കൊടുക്കുന്നതാണ്**(അന്നി സാഅ്-56)

**അവിശ്വസിച്ചവരാരോ അവർക്കാണ് നരകാഗ്നി, അവരുടെമേൽ മരണം വിധിക്കപ്പെടുന്നതല്ല, എങ്കിൽ അവർക്ക് മരിക്കാമായിരുന്നു. അതിലെ ശിക്ഷയിൽനിന്ന് ഒട്ടും അവർക്ക് ഇളവ് ചെയ്യപ്പെടുകയുമില്ല. അപ്രകാരം എല്ലാ നന്ദികെട്ടവർക്കും നാം പ്രതിഫലം നൽകുന്നു** (ഫാത്വിർ:36) സത്യനിഷേധികൾ അതിൽ കയ്യാമം വക്കപ്പെടുകയും, കഴുത്തിൽ ചങ്ങല ഇടപ്പെടുകയും ചെയ്യും. അല്ലാഹു പറയുന്നു: **ആദിവസം**

**കുറ്റവാളികൾ ചങ്ങലകളിൽ അന്യോന്യം ചേർത്ത് ബന്ധി ക്കപ്പെട്ടതായിട്ട് നിനക്ക് കാണാം. അവരുടെ കുപ്പായങ്ങൾ കറുത്ത ടാർ (കീൽ) കൊണ്ടുള്ളതായിരിക്കും. അവരുടെ മു ഖങ്ങളെ തീ പൊതിയുന്നതുമാണ്** (ഇബ്രാഹീം:49-50) നരക വാസികളുടെ ഭക്ഷണം സഖ്ഖൂം ആയിരിക്കും. അല്ലാഹു പറയു ന്നു: **തീർച്ചയായും സഖ്ഖൂം വൃക്ഷമാകുന്നു (നരകത്തിൽ) പാപിയുടെ ആഹാരം. ഉരുകിയ ലോഹം പോലിരിക്കും (അ തിൻെറ കനി). ചൂടുവെള്ളം തിളക്കുന്നതു പോലെ അത് വയറുകളിൽ തിളക്കും** (അദ്ദുഖാൻ:43-44)

നബി(സ) പറഞ്ഞു: ***സഖ്ഖൂമിൽ നിന്ന് ഒരുതുള്ളി ഭൂമിയിൽ വീണാൽ, അത് ഭൂമിയിലുള്ളവരുടെ ജീവിതത്തെ ദുസ്സഹമാക്കും. അപ്പോൾ അത് ഭക്ഷണമായി ലഭിക്കുന്നവൻെറ അവസ്ഥ എ ന്തായിരിക്കും!***(തുർമുദി). നരകശിക്ഷയുടെ കാഠിന്യവും, സ്വർഗ്ഗീയ സുഖവും നബി(സ) വിശദീകരിച്ചത് നോക്കൂ. ലോകത്തിലെ ഏറ്റ വും വലിയ സുഖലോലുപനായ ഒരു സത്യനിഷേധിയെ കൊണ്ടു വന്ന് നരകത്തിൽ മുക്കിയെടുത്ത ശേഷം അവനോട് ചോദിക്ക പ്പെടും; നിനക്ക് ഒരനുഗ്രഹവും ലഭിച്ചിട്ടില്ലായിരുന്നോ? അവൻ പറ യും, ഇല്ല, എനിക്ക് ഒരനുഗ്രഹവും ലഭിച്ചിട്ടില്ല. നരകത്തിൽ ഒരു പ്രാവശ്യം മുക്കിയപ്പോഴേക്കും അവൻ ജീവിതത്തിൽ അനുഭവിച്ച എല്ലാ സുഖങ്ങളും ആഢംബരങ്ങളും മറന്നു പോകുന്നു. പിന്നീട് സത്യവിശ്വാസികളിൽ പെട്ട ഒരു ദരിദ്രനെ കൊണ്ടുവന്ന് സ്വർഗ്ഗത്തി ൽ മുക്കിയെടുത്ത ശേഷം അവനോട് ചോദിക്കപ്പെടും; നിനക്ക് വല്ല വിഷമവും അനുഭവപ്പെട്ടിരുന്നോ? അവൻ പറയും, ഇല്ല, എനിക്ക് ഒരു വിഷമവും, ബുദ്ധിമുട്ടും അനുഭവപ്പെട്ടിട്ടില്ല. ലോക ത്ത്‌വച്ച് അവൻ അനുഭവിച്ച എല്ലാ ദാരിദ്ര്യവും, നിർഭാഗ്യവും, വിഷമങ്ങളും സ്വർഗ്ഗത്തിലെ ഒരു മുക്കിയെടുക്കൽ കൊണ്ട് മറന്നു പോകും.

## സ്വർഗ്ഗം

അല്ലാഹുവിൻെറ നല്ലവരായ ദാസന്മാരുടെ സ്ഥിരതാമസ സ്ഥല മാണ് സ്വർഗ്ഗം. ഒരുകണ്ണും കണ്ടിട്ടില്ലാത്തതും, ഒരു ചെവിയും കേ ട്ടിട്ടില്ലാത്തതും, ഒരുമനസ്സിനും സങ്കൽപിക്കാനും കഴിയാത്തതുമായ അനുഗ്രഹങ്ങളാണ് അതിലുള്ളത്. അല്ലാഹു പറയുന്നു: എന്നാൽ

**അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട്, കൺകുളിർക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കു വേണ്ടി രഹസ്യമാക്കി വക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവതല്ല** (സജദ:17) സത്യ വിശ്വാസികളുടെ സൽകർമ്മങ്ങളുടെ തോതനുസരിച്ച് അവരുടെ സ്ഥാനങ്ങൾ വ്യത്യാസപ്പെട്ടിരിക്കും. അല്ലാഹു പറയുന്നു: **നിങ്ങളിൽ വിശ്വസിച്ചവരെയും, വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പലപടികൾ ഉയർത്തുന്നതാണ്** (അൽ മുജാദില:11) **അതിൽ** ഓരോരുത്തർക്കും ഇഷ്ടപ്പെട്ടത് തിന്നുകയും കുടിക്കുകയും ചെയ്യാം. സ്വർഗ്ഗത്തിൽ നല്ല രുചിയുള്ള കള്ളിന്റെ അരുവികളും, തെളിഞ്ഞ തേനാറുകളും, രുചി വ്യത്യാസപ്പെടാത്ത പാൽപുഴകളും, സ്വാദും വാസനയും മാറാത്ത വെള്ളമുള്ള നദികളുമുണ്ട്. സ്വർഗ്ഗത്തിലെ മദ്യം ഇഹലോകത്തിലെ മദ്യം പോലെയല്ല. അല്ലാഹു പറയുന്നു: **ഒരുതരം ഉറവു ജലം നിറച്ച കോപ്പകൾ അവരുടെ ചുറ്റും കൊണ്ടുനടക്കപ്പെടും. വെളുത്തതും കുടിക്കുന്നവർക്ക് ഹൃദ്യവുമായ പാനീയം. അതിൽ യാതൊരു ദോഷവുമില്ല. അതു നിമിത്തം അവർക്ക് ലഹരി ബാധിക്കുകയുമില്ല** (അസ്സ്വാഫ്ഫാത്:45-47) സ്വർഗ്ഗത്തിൽ അവർക്ക് ഇണകളായി ഹൂറുൽഈൻ (വിശാലാക്ഷികൾ) ആയിരിക്കും ഉണ്ടാകുക. നബി(സ) പറഞ്ഞു: ***സ്വർഗ്ഗത്തിലുള്ള ഒരു സ്ത്രീ ഭൂമിയിലേക്കൊന്ന് എത്തി നോക്കിയാൽ ആകാശ ഭൂമികൾക്കിടയിൽ പ്രകാശവും സുഗന്ധവും നിറയും.*** സ്വർഗ്ഗത്തിലുള്ള ഏറ്റവും വലിയ അനുഗ്രഹം അല്ലാഹുവിനെ ദർശിക്കലാണ്. സ്വർഗ്ഗവാസികൾ മലമൂത്ര വിസർജ്ജനം നടത്തുകയോ, തുപ്പുകയോ, മൂക്കു പിഴിയുകയോ ഇല്ല. അവരുടെ ചീർപ്പുകൾ സ്വർണ്ണം കൊണ്ടുള്ളതും, വിയർപ്പ് കസ്തൂരിയുമായിരിക്കും. അവരുടെ അനുഗ്രഹം അനുസ്യൂതമാണ്. നബി (സ) പറഞ്ഞു: ***സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവൻ അനുഗ്രഹീതനാണ്. അവന് ക്ഷീണമോ, മറ്റോ അനുഭവപ്പെടുകയില്ല. സ്വർഗ്ഗത്തിൽ ഏറ്റവും കുറച്ച് അനുഗ്രഹങ്ങൾ ലഭിക്കുന്നവൻ, നരകത്തിൽ നിന്നും അവസാനമായി മോചിപ്പിക്കപ്പെട്ട്, സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവനായിരിക്കും. അവന്റെ സ്വർഗ്ഗീയ സുഖം ഇഹലോകത്തിലെ മുഴുവൻ സുഖങ്ങളുടെയും പത്തിരട്ടി യായിരിക്കും.*** (ബുഖാരി- മുസ്‌ലിം)

**അല്ലാഹു നമ്മെയെല്ലാം സ്വർഗ്ഗാവകാശികളിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.**

# العقيــدة الإسلاميــة

## باللغة المليبارية

إعداد

شعبة توعية الجاليات في الزلفي

هذه الطبعة

تمت بإشراف المكاتب التعاونية للدعوة والإرشاد

بالبديعة والصناعية الجديدة

# العقيـــدة الإسلاميـــة

## باللغة المليبارية

إعداد

## شعبة توعية الجاليات في الزلفي

سنة الطبع ١٤١٩هـ

طبع على نفقة أحد المحسنين
غفر الله له ولوالديه ولجميع المسلمين

المكاتب التعاونية للدعوة والإرشاد بالبديعة والصناعية الجديدة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
ص.ب: ٢٤٩٣٢ الرياض ١١٤٥٦ - البديعة: تلفون ٤٣٣٠٨٨٨ (أربعة خطوط)
الصناعية: تلفون ٤٣٠٣٥٧٢ - فاكس ٤٣٠١١٢٢ المملكة العربية السعودية